# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 4, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--372]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
| --- | --- |
| കൃഷി വകുപ്പ് മന്ത്രി | : 1643 മുതൽ 1747 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 1748 മുതൽ 1847 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 1848 മുതൽ 1905 വരെ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 1906 മുതൽ 1968 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 1969 മുതൽ 2014 വരെ |

**ഏറനാട് മണ്ഡലത്തിലെ കാർഷികമേഖലയുടെ സമഗ്രവികസനം**

1643 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷികമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് മുഖേന ഏറനാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും പ്രത്യേക കർമ്മപരിപാടികളും സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും എന്താണെന്ന് അറിയിക്കുമോ?

**തനത് കാർഷിക വിഭവങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

1644 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് കാർഷിക വിഭവങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഗുണനിലവാരമുള്ള മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ സംസ്ഥാനത്ത് നിന്ന് കയറ്റുമതി ചെയ്യുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ കൃഷി വകുപ്പിലെ ഒഴിവുകൾ

1645 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൃഷി വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലായി നിലവിൽ എത്ര തസ്തികകൾ ഒഴിവുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഇവ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കാർഷികമേഖലയുടെ ഉന്നമനം

1646 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) നെൽകൃഷി സംരക്ഷിക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) കാർഷിക മേഖലയിലെ യുവജന പങ്കാളിത്തം വർധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജലക്ഷാമവും കാലാവസ്ഥ വ്യതിയാനവും മൂലം കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾ മറികടക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

## ആഭ്യന്തര പച്ചക്കറി ഉൽപാദനം

1647 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപാദനം എത്ര മെട്രിക് ടൺ ആയിരുന്നു; ആയത് നിലവിൽ എത്ര മെട്രിക് ടൺ

ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്;

(സി) സംസ്ഥാനത്തിന് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ എപ്പോൾ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്; വിശദാംശം ലഭ്യമാക്കുമോ?

**കാർഷിക മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ**

1648 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാർഷിക മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കർഷകർക്ക് ലഭിക്കേണ്ട സഹായങ്ങൾ തടയുന്ന കേന്ദ്ര സർക്കാരിനെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

**കോഴിക്കോട് വേങ്ങേരി കാർഷിക മൊത്തവിതരണ കേന്ദ്രത്തിന്റെ നവീകരണം**

1649 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വേങ്ങേരി കാർഷിക മൊത്തവിതരണ കേന്ദ്രത്തിന്റെ നവീകരണത്തിനും വികസനത്തിനുമായി 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**കോന്നി നിയോജകമണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

1650 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും 2016-21 സർക്കാരിന്റെ കാലത്തും കൃഷി വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ

1651 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കോങ്ങാട് മണ്ഡലത്തിൽ കൃഷി വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും വിവരം, പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## 'പൊലിമ പുതുക്കാട്' പദ്ധതി

1652 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുക്കാട് മണ്ഡലത്തിൽ കാർഷിക പുരോഗതിക്കായി കൃഷി വകുപ്പ് മുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ അറിയിക്കാമോ;

(ബി) 'പൊലിമ' പുതുക്കാട് എന്ന പേരിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന നടപ്പാക്കിയ കാർഷിക വികസന പദ്ധതിയിലൂടെ നടത്തിയ പച്ചക്കറി-പൂ കൃഷികൾക്ക് കൃഷി വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) 'പൊലിമ പുതുക്കാട്' പദ്ധതിക്കായി കൂടുതൽ ഫണ്ടും സഹായങ്ങളും നൽകുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി

1653 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയിലൂടെ കാർഷിക മേഖല കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ശാസ്ത്ര-സാങ്കേതിക മേഖലയിലെ നൂതന കണ്ടുപിടുത്തങ്ങളും നിർമ്മിത ബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകളും കാർഷിക രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കാർഷിക മേഖലയിലെ ഇത്തരം പ്രവർത്തനങ്ങൾ പ്രാദേശിക സാമ്പത്തിക മേഖലയുടെ വളർച്ചക്ക് എത്രത്തോളം സഹായിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള കൃഷി ഹബ്

1654 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എം. എം. മണി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിയുടെ വിവിധ മേഖലകളിൽ നൂതന കൃഷിരീതികളും ഡിജിറ്റൽ സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തി കാർഷികമേഖലയുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിനായി കേരള കൃഷി ഹബ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി കർഷകർക്ക് കാർഷിക സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ആപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ടോ; എന്തൊക്കെ സേവനങ്ങളാണ് ഇതിലൂടെ ലഭ്യമാവുന്നതെന്ന് വിശദമാക്കാമോ?

## അങ്കമാലി മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പദ്ധതി

1655 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് കൃഷിഭവൻ തിരിച്ച് പദ്ധതി തുക ഉൾപ്പെടെയുള്ള കണക്ക് ലഭ്യമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പ് അനുവദിച്ച പദ്ധതികൾ

1656 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കൃഷി വകുപ്പ് അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഏതൊക്കെ പഞ്ചായത്തുകളിൽ, എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും; എത്ര കർഷകരാണ് ഗുണഭോക്താക്കളായിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കൃഷി വകുപ്പ് അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഏതൊക്കെ വാർഡുകളിൽ, എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും എത്ര കർഷകരാണ് ഗുണഭോക്താക്കളായിട്ടുള്ളതെന്നും വിശദമാക്കാമോ?

## ആലത്തൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് അനുവദിച്ച പദ്ധതികൾ

1657 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് മുഖേന ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെയും പ്രത്യേക കർമ്മപരിപാടികളുടെയും വിശദാംശം അറിയിക്കാമോ?

## അഗ്രോ സർവീസ് സെന്ററുകൾ

1658 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അഗ്രോ സർവീസ് സെന്ററുകൾ ആരംഭിക്കുന്നുണ്ടോ; എങ്കിൽ അവ ബ്ലോക്ക് കേന്ദ്രീകരിച്ചാണോ അനുവദിക്കുന്നത്; പുതിയ അഗ്രോ

സർവീസ് സെന്ററുകൾ അനുവദിക്കാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ പരിഗണിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## കാർഷിക മേഖലയിൽ കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന വെല്ലുവിളികൾ

1659 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന വെല്ലുവിളികൾ ചെറുക്കുന്നതിനായി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാലാവസ്ഥാനുപൂരകമായ കൃഷിരീതികൾ അനുവർത്തിക്കുന്നതിലൂടെ എത്രത്തോളം കർഷകർക്ക് ഏതെല്ലാം തരത്തിൽ പ്രയോജനം ലഭിക്കുന്നുണ്ട്; വിശദമാക്കാമോ;

(സി) കാർബൺ ബഹിർഗമനം കുറച്ച് കൊണ്ട് നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

## കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ സമഗ്ര കാർഷിക വികസന പദ്ധതി

1660 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തെ മുഴുവൻ ഉൾപ്പെടുത്തി പ്രഖ്യാപിച്ച സമഗ്ര കാർഷിക വികസന പദ്ധതിക്കായി (ഫയൽ നമ്പർ: അഗ്രി-പിബി1/250/2025, തീയതി: 03-10-2025, കമ്പ്യൂട്ടർ നമ്പർ: 3282142/25 പ്രകാരം) സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഫയലിന്റെ അടിസ്ഥാനത്തിൽ, ബഹു. കൃഷി വകുപ്പ് മന്ത്രി പ്രഖ്യാപിക്കുകയും തലസ്ഥാനത്ത് ഉന്നതതല യോഗം വിളിക്കുകയും ചെയ്തതിന് ശേഷം, 11 പഞ്ചായത്തുകളിലെ കൃഷിഭവനുകളിൽ സംയുക്ത പരിശോധന നടത്തി നിയോജകമണ്ഡലം അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ പദ്ധതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) 03-10-2025 ലെ അഗ്രി-പിബി1/250/2025 നമ്പർ ഫയലുമായി ബന്ധപ്പെട്ട നടപടികളുടെ ഭാഗമായി പദ്ധതി ബ്ലോക്ക് അടിസ്ഥാനത്തിലേക്ക് ചുരുക്കിയാൽ, കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിലെ 11 പഞ്ചായത്തുകളിൽ 8 പഞ്ചായത്തുകൾ പദ്ധതിക്ക് പുറത്താകുന്ന സാഹചര്യം കൃഷി വകുപ്പ് എങ്ങനെ വിലയിരുത്തുന്നു;

(ഡി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കർഷക സംഘടനകളും കർഷകരും പദ്ധതി നിയോജകമണ്ഡലം അടിസ്ഥാനത്തിൽ തന്നെ നടപ്പാക്കണം എന്ന ആവശ്യം ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത ആവശ്യം പരിഗണിക്കാതിരുന്നത് ജനപക്ഷ സമീപനത്തിന് വിരുദ്ധമല്ലേ എന്ന് വ്യക്തമാക്കുമോ;

(ഇ) കാർഷിക ഉൽപ്പാദന വർധന, കർഷക വരുമാന വർധന, തൊഴിലവസര സൃഷ്ടി തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിശദമായ അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) 03-10-2025 ലെ ഫയൽ നടപടികളുമായി ബന്ധപ്പെട്ട വിഷയത്തിൽ കടുത്തുരുത്തി നിയോജകമണ്ഡലം മുഴുവൻ ഉൾപ്പെടുത്തി സമഗ്ര കാർഷിക വികസന പദ്ധതി തുടരുന്നതിനുള്ള വ്യക്തമായ റിപ്പോർട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## <u>അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി</u>

1661 **ശ്രീ. സനീഷ്‌കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതിയുടെ നോഡൽ ഓഫീസറായിരുന്ന എസ്. എസ്. ശാലുമോനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>കൃഷി വകുപ്പ് മുഖേനയുള്ള പദ്ധതികൾ</u>

1662 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന നടന്നു വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കാർഷിക മേഖലയെ സംരക്ഷിക്കുന്നതിന് നിലവിലെ സർക്കാർ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളതെന്നും ആയതിന് എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) കർഷകരെ സംരക്ഷിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) നിലവിലെ സർക്കാരിന്റെ കാലത്ത് കാലവർഷത്തിന്റെയും വരൾച്ചയുടെയും സമയങ്ങളിൽ കർഷകർക്ക് ഉണ്ടായ നഷ്ടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടപ്പെട്ട തുക എത്രയെന്നും കർഷകർക്ക് നൽകിയിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

## <u>ചേലക്കര കൃഷിഭവൻ പരിധിയിലെ കേരഗ്രാമം പദ്ധതി</u>

1663 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല ചേലക്കര കൃഷിഭവൻ പരിധിയിൽ 2025-ൽ അനുവദിച്ച കേരഗ്രാമം പദ്ധതി പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; എത്ര കേരകർഷകരെയാണ് ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്;

കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകാൻ കഴിയുന്നത്; ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഭൂമി തരംമാറ്റി നൽകുന്നതിനുള്ള അപേക്ഷകൾ റവന്യൂ ഓഫീസിൽ സമർപ്പിച്ചത് പ്രകാരം കൃഷി ഓഫീസറുടെ റിപ്പോർട്ടിനായി വന്നിട്ടുള്ള എത്ര അപേക്ഷകളാണ് തൃശ്ശൂർ ജില്ല പഴയന്നൂർ കൃഷിഭവൻ ഓഫീസ് പരിധിയിൽ ഇനിയും സ്ഥലപരിശോധന നടത്തി തീർപ്പുകൽപ്പിക്കാനുള്ളത്; ഈ അപേക്ഷകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ ജില്ല ചേലക്കര നിയോജകമണ്ഡലത്തിലെ പരക്കാട് ജില്ലാ കൃഷിത്തോട്ടത്തിൽ 2012-ലെ നബാർഡ് പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കേരജൈവപാർക്ക് പ്രവൃത്തി ഏതുഘട്ടത്തിലാണ്; കെ. എൽ. ഡി. സി. ക്ക് (കേരളാ ലാൻഡ് ഡവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ്) നിർവഹണ ചുമതലയുള്ള ഈ പ്രവൃത്തിയിൽ ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

## കേരള ഗ്രോ ബ്രാൻഡഡ് ഉൽപന്നങ്ങൾ

1664 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രോ ബ്രാൻഡഡ് ഉൽപന്നങ്ങളുടെ വിപണനം കാർഷിക മേഖലയിൽ ഉണ്ടാക്കിയ മുന്നേറ്റം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ ബ്രാൻഡിംഗിന്റെ ഗുണഫലങ്ങൾ കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രാദേശിക ഉൽപാദകരുടെ ഉൽപന്നങ്ങൾ കൂടുതൽ വിറ്റു പോകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ഹരിത കേരളം പദ്ധതി

1665 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതി സൗഹൃദ നെൽക്കൃഷി, ജൈവകൃഷി പ്രോത്സാഹനം എന്നിവയ്ക്കായി മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## വൈഗയോടനുബന്ധിച്ച് നടക്കുന്ന ബി2ബി മീറ്റ്

1666 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈഗയോടനുബന്ധിച്ച് നടക്കുന്ന ബി2ബി (ബിസിനസ് റ്റു ബിസിനസ്) മീറ്റ് നാളിതുവരെ പുതിയ കാർഷിക സംരംഭകത്വ മേഖലയിൽ എത്ര നിക്ഷേപം ഉണ്ടാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി

1667 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം 2.07 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതും സമയബന്ധിതമായി ആയത് പൂർത്തിയാക്കാൻ കഴിയാത്തതിനാൽ പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ സപ്ലൈ ഇൻസ്റ്റാലേഷൻ ആന്റ് വെർട്ടിക്കൽ ആക്സിയൽ ഫ്ളോ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫോർ ഐക്യസമാജം പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടും ഈ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## നാദാപുരം മണ്ഡലത്തിൽ കൃഷി വകുപ്പ് അനുവദിച്ച പദ്ധതികൾ

1668 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ 2016 മുതൽ 2025 വരെയുള്ള കാലയളവിൽ കൃഷി വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതി

1669 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം കൃഷിഭവനുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്നും നടപടികൾ ഏത് ഘട്ടത്തിലാണ് എന്നും അറിയിക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1670 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗുരുവായൂർ മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശവും ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ കൃഷി വകുപ്പ് പ്രവർത്തനങ്ങൾ

1671 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നീ വിശദാംശം ലഭ്യമാക്കാമോ?

**അരുവിക്കര മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

1672 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ കൃഷി വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികളുടെ വിവരങ്ങൾ, ഭരണാനുമതി തുക, ഇപ്പോഴത്തെ സ്ഥിതി എന്നിവ അറിയിക്കുമോ?

**ഒറ്റപ്പാലം മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

1673 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

**പാറശ്ശാല നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

1674 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 വരെ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ വർഷവും നീക്കിവെച്ച തുക എത്രയാണ് , ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്, പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവ വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ മണ്ഡലത്തിലെ നെൽകൃഷി വികസനം, പച്ചക്കറി കൃഷി പ്രോത്സാഹനം എന്നിവയ്ക്കായി നടപ്പിലാക്കിയ പ്രത്യേക പദ്ധതികൾ (ഉദാഹരണത്തിന് തരിശുരഹിത ഗ്രാമം) ഏതെല്ലാമാണ്; ഇതിലൂടെ എത്ര കർഷകർക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ട്;

(ഡി) പ്രസ്തുത മണ്ഡലത്തിലെ കൃഷിഭവനുകൾ വഴി നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മഞ്ചേരി നിയോജകമണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

1675 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കൃഷി വകുപ്പിലെ വിവിധ പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ അനുവദിച്ചവയും അവയുടെ അടങ്കൽ തുകയും പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) ഓരോ സാമ്പത്തിക വർഷവും കൃഷി വകുപ്പിലെ വിവിധ പദ്ധതികൾക്ക് സംസ്ഥാനത്ത് ആകെ എത്ര കോടി രൂപ അനുവദിച്ചുവെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കാമോ;

(ഡി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ മൂന്ന് വർഷമായി കർഷകർക്ക് സഹായം ലഭ്യമാക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ലോകബാങ്ക് സഹായം ഉപയോഗിച്ച് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തിയതല്ലാതെ കേര കർഷകർക്ക് സഹായം നൽകിയോ എന്ന് വിശദമാക്കാമോ; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(എഫ്) ലോകബാങ്ക് സഹായം ഏതൊക്കെ കാര്യങ്ങൾക്ക് ചെലവഴിച്ചുവെന്നത് ഓരോ ഇനത്തിലും ചെലവഴിച്ച തുക അടക്കം വിശദീകരിക്കുമോ; ആയതിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

## <u>പി.എം. കിസാൻ പദ്ധതി</u>

1676 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പി.എം. കിസാൻ (പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി) പദ്ധതിയിൽ അംഗമായ കേരളത്തിൽ നിന്നുള്ള ഗുണഭോക്താക്കളുടെ എണ്ണവും ഓരോ സാമ്പത്തിക വർഷവും അനുവദിച്ചുകിട്ടിയ ഫണ്ടും ധനസഹായം ലഭിച്ച കർഷകരുടെ എണ്ണവും വർഷം തിരിച്ചു വ്യക്തമാക്കാമോ?

## <u>ഹരിതം ഹരിപ്പാട് പദ്ധതി</u>

1677 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഹരിതം ഹരിപ്പാട് പദ്ധതിയുടെ ആദ്യഘട്ട നിർവ്വഹണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എതെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചതെന്നും ഇനി ഏതെല്ലാം ഘടകങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്നും അറിയിക്കാമോ ;

(ബി) ഹരിതം ഹരിപ്പാട് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നിർവ്വഹണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിന്റെ

ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത വർക്കുകൾ ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കാമോ?

**കാട്ടാക്കട മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

1678 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പ്രവൃത്തികൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ചങ്ങനാശ്ശേരിയിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

1679 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖാന്തരം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും പഞ്ചായത്ത്, മുൻസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**ഇരിക്കൂർ മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

1680 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ നാളിതുവരെ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

**കർഷകർക്ക് കേന്ദ്ര സർക്കാർ നൽകാനുള്ള കുടിശ്ശിക ലഭിക്കാൻ നടപടി**

1681 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകർക്ക് കേന്ദ്ര സർക്കാർ നൽകാനുള്ള വിവിധ ഇനങ്ങളിൽ ഉള്ള കുടിശ്ശിക ലഭിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഓരോ ഇനത്തിലും കാർഷിക മേഖലയിൽ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കുവാനുള്ള തുകകൾ എത്ര എന്ന് വ്യക്തമാക്കുമോ?

**നെന്മാറ നിയോജക മണ്ഡലത്തിലെ പച്ചക്കറി ഉൽപ്പാദനം**

1682 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പച്ചക്കറി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഒരു വർഷം എത്ര ടൺ പച്ചക്കറിയാണ് നെന്മാറ മണ്ഡലത്തിൽ നിന്നും ഉത്പാദിപ്പിക്കുന്നതെന്നും ഈ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സർക്കാർ നൽകുന്ന ഇടപെടലുകൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

## <u>ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ</u>

1683 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

## <u>പച്ചക്കറികളിലെ കീടനാശിനി ഉപയോഗം</u>

1684 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ വിൽപന നടത്തുന്ന പച്ചക്കറികളിൽ അനുവദനീയമായ പരിധിക്ക് മുകളിൽ കീടനാശിനിയുടെ അംശം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ജൈവ പച്ചക്കറികൾ എന്ന ലേബലിൽ വിപണനം നടത്തുന്ന പച്ചക്കറികളിലും കീടനാശിനിയുടെ അംശം ഉള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>നെൽകൃഷി വികസനം</u>

1685 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വികസനത്തിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) തരിശിടുന്ന നെൽവയലുകൾ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>പാലക്കാട് നെൽകൃഷി സ്വയംപര്യാപ്തത</u>

1686 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നെൽകൃഷിയെ സ്വയംപര്യാപ്തമാക്കി മാറ്റാൻ സർക്കാർ ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിച്ചിരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

1687 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ച നെൽകൃഷി വികസന ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) യുവതലമുറയെ പ്രത്യേകിച്ച് വിദ്യാർത്ഥികളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനായി പ്രത്യേകമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## എറണാകുളം ജില്ലയിലെ തരിശ് പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് നടപടി

1688 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പാടശേഖരങ്ങൾ ഏതെല്ലാമാണെന്ന് കൃഷിഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാടശേഖരങ്ങളിൽ തരിശായി കിടക്കുന്നവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി കൃഷി ചെയ്തിരുന്നതും എന്നാൽ കാര്യക്ഷമമായ യാതൊരു പ്രവർത്തനങ്ങളും പിന്നീട് നടത്താത്തതിനാൽ കൃഷിയോഗ്യമല്ലാതായി തീർന്നതുമായ പാടശേഖരങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം പാടശേഖരങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഇ) വൈപ്പിൻ, കൊച്ചിൻ കോർപ്പറേഷൻ എന്നീ പ്രദേശങ്ങളിൽ നിലവിൽ കൃഷി ചെയ്യാത്ത പാടശേഖരങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത പാടശേഖരങ്ങൾ കൃഷിക്ക് അനുയോജ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ?

## സംഭരിച്ച നെല്ലിന്റെ തുക ലഭിക്കുന്നതിനുള്ള കൃഷിവകുപ്പ് ഇടപെടലുകൾ

1689 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെലൽകർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ്

നടത്തിയ ഇടപെടലുകൾ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല അടിസ്ഥാനത്തിൽ നൽകാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ പരപ്പനങ്ങാടി കാർഷിക ബ്ലോക്കിലെ പെരുവള്ളൂർ പഞ്ചായത്തിലെ 101 നെൽകർഷകർക്ക് 80 ഹെക്ടർ പാട ശേഖരത്തിൽ നിന്ന് 2,85,050 കിലോ നെല്ല് സപ്ലൈകോ സംഭരിച്ച വകയിൽ അനുവദിക്കേണ്ട തുക കർഷകർക്ക് ലഭിക്കുന്നതിന് കൃഷി വകുപ്പ് നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## പിറവം മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

1690 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതുവഴി എന്തെല്ലാം പുരോഗതിയാണ് പിറവം മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തുകയാണ് പ്രസ്തുത പദ്ധതികൾക്കുവേണ്ടി അനുവദിച്ചിരുന്നതെന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കേരകർഷകർക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## റബ്ബറിന്റെ തറവില

1691 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ തറവില ഉയർത്താത്തത് മൂലം കേരളത്തിലെ റബ്ബർ കർഷകർ കഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കാൻ റബ്ബറിന്റെ തറവില 250 രൂപയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) റബ്ബർ മേഖലയിൽ തൊഴിലാളികളുടെ ക്ഷാമവും റബ്ബറിന്റെ വിലയിടിവും വളത്തിന്റെ വിലയിൽ ഉണ്ടായ വർധനവും മൂലം റബ്ബർ കൃഷി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ പത്ത് വർഷങ്ങളിൽ വന്നിട്ടുള്ള കുറവ് എത്രയെന്ന് ഹെക്ടർ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

## ഉദുമ മണ്ഡലത്തിൽ കൃഷിനാശത്തിന് നൽകിയ നഷ്ടപരിഹാരം

1692 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിൽ കൃഷി നാശം സംഭവിച്ച എത്ര കർഷകർക്ക് ഈ സർക്കാരിന്റെ കാലത്ത് നഷ്ടപരിഹാരം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇനി നഷ്ടപരിഹാരം നൽകുന്നതിനായി എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

## കുട്ടനാട്ടിലെ നെല്ല് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

1693 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിൽ ഉൾപ്പെടെ കുട്ടനാട്ടിലെ നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൃഷിവകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കൊയ്ത നെല്ല് എടുക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നെല്ല് കർഷകരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിച്ച് നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കാസർഗാഡ് ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾ

1694 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗാഡ് ജില്ലയിലെ അടയ്ക്കാ കർഷകർ അടക്കം കൃഷിക്കാർ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവർ അഭിമുഖീകരിക്കുന്ന പ്രധാന പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതു പരിഹരിക്കുന്നതിന് ബന്ധപ്പെട്ട കർഷകരുടെയും ഉദ്യോഗസ്ഥരുടെയും യോഗം എപ്പോഴെങ്കിലും വിളിച്ചു ചേർത്തിരുന്നുവോ; എങ്കിൽ വിശദാംശം നൽകാമോ?

## കിഴങ്ങുവർഗ വിളകളുടെ വില സ്ഥിരത

1695 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴങ്ങുവർഗ വിളകൾക്ക് മെച്ചപ്പെട്ട വില ലഭിക്കാത്തതിനാൽ പ്രസ്തുത വിളകൾ കൃഷി ചെയ്ത കർഷകർ വലിയ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കിഴങ്ങുവർഗ വിളകളുടെ വില സ്ഥിരത ഉറപ്പാക്കുന്നതിനും കർഷകർ ഉത്പാദിപ്പിക്കുന്ന ഇത്തരം വിളകൾ സംഭരിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കർഷകർക്കുള്ള ഡിജിറ്റൽ സേവനങ്ങൾ

1696 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**

**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് കൃഷി വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങളും മറ്റ് കാർഷിക സേവനങ്ങളും ഒരേ കേന്ദ്രത്തിലൂടെ വേഗത്തിൽ ലഭ്യമാക്കുന്നതിനായി പ്രത്യേക ഡിജിറ്റൽ കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) കൃഷി വകുപ്പിന്റെ വിവിധ സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷനായ ‘കതിർ’ (കേരള അഗ്രികൾച്ചർ ടെക്നോളജി ഹബ് ആൻഡ് ഇൻഫർമേഷൻ റിപ്പോസിറ്ററി) പോർട്ടലിലൂടെയും അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം പോർട്ടലിലൂടെയും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ;

(സി) സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ സേവനങ്ങൾ ഡിജിറ്റൽ കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) ഡിജിറ്റൽ സേവനങ്ങൾ ഉപയോഗിക്കുന്നതിൽ പിന്നാക്കം നിൽക്കുന്ന ചെറുകിട കർഷകരെയും വയോധികരായ കർഷകരെയും ഉൾപ്പെടുത്തി പ്രത്യേക ബോധവത്കരണ/പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>ചെറുകിട കർഷകർക്കായി ഇൻകം ഗ്യാരണ്ടി സ്കീം</u>

1697 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട കർഷകർക്കായി ഇൻകം ഗ്യാരണ്ടി സ്കീം നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില അവർക്ക് ആദായകരമാകുന്ന നിലവാരത്തിൽ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കീമിലെ ആനുകൂല്യങ്ങൾ പര്യാപ്തമല്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>കർഷക ആത്മഹത്യാ നിരക്ക്</u>

1698 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷക ആത്മഹത്യ തടയുന്നതിനായി എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ കർഷക ആത്മഹത്യാ നിരക്ക് ദേശീയ ശരാശരിയേക്കാൾ കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(സി) 2011-2016, 2016-21, 2021-25 കാലയളവുകളിലെ കർഷക ആത്മഹത്യ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

## വിള ഇൻഷ്വറൻസ് പദ്ധതി

1699 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലെ കർഷകരുടെ പങ്കാളിത്തം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നഷ്ടപരിഹാര തുക അപര്യാപ്തമായതിനാൽ വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാകുവാൻ കർഷകർ വിമുഖത കാണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ വിളകളെ ഉൾപ്പെടുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും പ്രസ്തുത പദ്ധതി ആകർഷകമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂരിലെ കാലവർഷക്കെടുതിയും നഷ്ടപരിഹാരവും

1700 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ ചെറുവണ്ണൂർ കൃഷി ഭവൻ പരിധിയിൽ അപ്രതീക്ഷിതമായുണ്ടായ കാലവർഷക്കെടുതിയിൽ കർഷകരുടെ വിളവെടുക്കാറായ വാഴകൃഷി പൂർണ്ണമായും നശിച്ചുപോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലവർഷക്കെടുതിയിൽ നശിച്ചുപോയ, മുൻകൂറായി ഇൻഷ്വർ ചെയ്യപ്പെട്ട പ്രസ്തുത വിളകൾക്ക് അർഹമായ ഇൻഷ്വറൻസ് നഷ്ടപരിഹാരം ലഭ്യമായിട്ടില്ലെന്ന പരാതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഏതെല്ലാം കർഷകരിൽ നിന്നാണ് പരാതി ലഭ്യമായിട്ടുള്ളതെന്നും ചെറുവണ്ണൂർ കൃഷി ഓഫീസർ ഇക്കാര്യത്തിൽ എന്തെങ്കിലും റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടോയെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) പേരാമ്പ്ര മണ്ഡലത്തിൽ 2023 മുതൽ 2025 വരെ കാലവർഷക്കെടുതിയിൽ വിള നഷ്ടപ്പെട്ട കർഷകർക്ക്, കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട ആനുകൂല്യം ലഭിക്കാത്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

## വിള ഇൻഷ്വറൻസ് പദ്ധതി

1701 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വിള ഇൻഷ്വറൻസിന് വേണ്ടി ലഭ്യമായിട്ടുള്ള അപേക്ഷകളുടെ എണ്ണം എത്രയാണെന്ന് ജില്ലതിരിച്ച് അറിയിക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ വിള ഇൻഷ്വറൻസിന് വേണ്ടി അപേക്ഷ നൽകിയവരിൽ ഇനി എത്രപേർക്ക് ഇൻഷ്വറൻസ് തുക നൽകാൻ ഉണ്ടെന്ന് ഓരോ ജില്ലയിലെയും കണക്ക് വർഷം തിരിച്ച് അറിയിക്കാമോ?

## വയനാട് ഉരുൾപൊട്ടലിൽ ഉണ്ടായിട്ടുള്ള കൃഷിനാശം

1702 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ സംഭവിച്ച ആകെ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ പുന:രുപയോഗിക്കാൻ സാധിക്കാത്ത രീതിയിൽ നഷ്ടപ്പെട്ടുപോയ കൃഷി ഭൂമിയുടെ അളവ് എത്രയാണെന്നറിയിക്കാമോ;

(സി) വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്നും നഷ്ടപ്പെട്ടുപോയ കൃഷി ഭൂമിക്ക് പകരം ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## അങ്കമാലി നിയോജകമണ്ഡലത്തിൽ ഉണ്ടായിട്ടുള്ള വിളനാശം

1703 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജകമണ്ഡലത്തിൽ വിളനാശം, കാറ്റ് വീഴ്ച ഉൾപ്പെടെ വിവിധ കാരണങ്ങളാൽ കൃഷി നശിച്ചവരുടെ നഷ്ടപരിഹാരത്തിനായി ലഭ്യമായ അപേക്ഷയിൽ എത്ര രൂപ മണ്ഡലത്തിൽ ചെലവഴിച്ചുവെന്നും എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്നതിന്റെ കണക്കും കൃഷിഭവൻ തിരിച്ച് ലഭ്യമാക്കുമോ?

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം

1704 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തികവർഷം മുതൽ 2025-26 സാമ്പത്തികവർഷം വരെ പെരുമ്പഴുതൂർ, നെയ്യാറ്റിൻകര, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷിഭവൻ പരിധിയിൽ കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ചതിൽ ഓരോ സാമ്പത്തികവർഷവും എത്ര കർഷകർക്കാണ് കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിയതെന്ന് വിശദമാക്കാമോ; എത്ര തുകയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ ഏതൊക്കെ കൃഷിഭവനുകളിലാണ് നഷ്ടപരിഹാര തുക കുടിശ്ശികയുള്ളതെന്ന് വിശദമാക്കാമോ; ഓരോ കൃഷിഭവനിലും എത്ര കർഷകർക്കാണ് നഷ്ടപരിഹാരം നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരം നൽകാനുണ്ടെങ്കിൽ 2026 മാർച്ചിന് മുൻപ് നൽകാൻ കഴിയുമോ എന്ന് വിശദമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിൽ വിളനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം</u>**

1705 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ച കോഴിക്കോട് ജില്ലയിലെ കർഷകർക്ക് ഏത് വർഷം വരെയാണ് നിലവിൽ നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി ഏത് വർഷത്തെ നഷ്ടപരിഹാരമാണ് തീർപ്പാക്കാനുള്ളതെന്നും ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**<u>നിലമ്പൂർ മുണ്ടേരി സീഡ്ഫാമിലെ ഒഴിവുകൾ നികത്തുന്നതും തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ</u>**

1706 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മുണ്ടേരി സീഡ് ഫാമിൽ 356 തൊഴിലാളികൾ വേണ്ടിടത്ത് നിലവിൽ 298 തൊഴിലാളികൾ മാത്രമേയുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത 58 ഒഴിവുകളിൽ കൂടി തൊഴിലാളികളെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച ഫാമിലെ തൊഴിലാളികൾക്ക് എസ്.എൽ.ഐ., ജി.ഐ.എസ്. തുടങ്ങിയ ഇൻഷുറൻസ് പരിരക്ഷ കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരം ഫാമുകളിൽ നിയമിതരായിട്ടുള്ള തൊഴിലാളികളെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മുണ്ടേരി സീഡ്ഫാമിൽ നിലവിലുള്ള വിളകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി</u>**

1707 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മുണ്ടേരി സീഡ് ഫാമിൽ നിലവിലുള്ള വിളകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും ആധുനികമായ രീതിയിലുള്ള വിളകൾ കൃഷി ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഫാമിലെ ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>കൃഷി ഫാമുകളിലെ കാഷ്വൽ തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക</u>**

1708 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിലുള്ള കൃഷി ഫാമുകളിൽ ജോലി ചെയ്തു വരുന്ന കാഷ്വൽ തൊഴിലാളികളുടെ 2019 ജൂലൈ മാസം മുതൽ 2022 ഒക്ടോബർ 31 വരെയുള്ള 40 മാസക്കാലത്തെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശിക അനുവദിച്ച് നൽകുന്നതിനാവിശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ നെൽകൃഷി</u>**

1709 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ മൊത്തം തുക, ചെലവഴിച്ചതും വിതരണം ചെയ്തതുമായ തുക എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2025 - 26 സാമ്പത്തിക വർഷം കുട്ടനാട് മേഖലയിലെ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി നടത്തിയിട്ടുണ്ടെന്നും ഇതിന് സർക്കാർ നൽകിയ പിന്തുണാ പദ്ധതികൾ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ?

**<u>രണ്ടാം കുട്ടനാട് പാക്കേജിൽ കാർഷിക മേഖലയിൽ നടപ്പാക്കി വരുന്ന പദ്ധതികൾ</u>**

1710 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി കാർഷിക മേഖലയിൽ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാട്ടിലെ മടവീഴ്ച തടയാനും കാർഷിക ഉപകരണങ്ങളും നെല്ലും കൊണ്ടുപോകുന്നതിന് പുറം ബണ്ടുകൾ ബലപ്പെടുത്തിയ ട്രാക്ടർ റോഡുകൾ നിർമ്മിക്കുവാൻ രണ്ടാം കുട്ടനാട് പാക്കേജിൽ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) രണ്ടാം കുട്ടനാട് പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>വിള ഇൻഷ്വറൻസ്</u>**

1711 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് 2021 മുതൽ നാളിതുവരെ ഓരോ ജില്ലയിലും എത്ര ക്ലെയിമുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതിൽ തീർപ്പുകല്പിച്ചത് എത്രയെന്നും വിശദമാക്കാമോ;

(ബി) ക്ലെയിമുകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രകൃതിക്ഷോഭത്തിൽ നശിക്കുന്ന ഏതെല്ലാം വിളകൾക്കാണ് പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷയുള്ളത്; പ്രകൃതിക്ഷോഭത്തിലല്ലാതെ നശിക്കുന്ന വിളകൾക്ക് പരിരക്ഷ

ലഭിക്കുമോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്?

## <u>വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ</u>

1712 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കി വരുന്ന വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; നിലവിൽ ഏതെല്ലാം വിളകളാണ് ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അറിയിക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ വിള ഇൻഷ്വറൻസിൽ ചേർന്ന കർഷകരുടെ എണ്ണം എത്രയാണെന്ന കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) വിവിധ വിളകൾക്കായി കർഷകർ അടയ്ക്കേണ്ട പ്രീമിയം നിരക്കുകളും സർക്കാർ നൽകുന്ന സബ്സിഡിയുടെ ശതമാനവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കാലാവസ്ഥ വ്യതിയാനം, പ്രളയം, വരൾച്ച, കീടബാധ തുടങ്ങിയവ മൂലമുള്ള വിളനാശം കൃത്യമായി കണക്കാക്കുന്ന സംവിധാനം നിലവിലുണ്ടോയെന്നും വിളനാശം നിർണ്ണയിക്കുന്നതിന് ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ലഭിച്ച ക്ലെയിം അപേക്ഷകളുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും എത്ര എണ്ണം ഇപ്പോഴും കുടിശ്ശികയാണെന്നും വ്യക്തമാക്കുമോ;

(ഇ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുണ്ടായ തടസ്സം പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി</u>

1713 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിരവധി കർഷകർക്ക് രജിസ്റ്റർ ചെയ്യുവാൻ കഴിയാത്തതിനാൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിലേയ്ക്ക് സംസ്ഥാനം നൽകേണ്ട പകുതി വിഹിതം നൽകാത്തതിനെ തുടർന്ന് കഴിഞ്ഞവർഷത്തെ നഷ്ടപരിഹാരം കർഷകർക്ക് വിതരണം ചെയ്തിട്ടില്ല എന്ന് പറയപ്പെടുന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; നഷ്ടപരിഹാരം അടിയന്തരമായി വിതരണം ചെയ്യുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## <u>2025-ലെ കീടനാശിനി നിയന്ത്രണ ബിൽ</u>

1714 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര കൃഷി മന്ത്രാലയം പുറത്തിറക്കിയ 2025-ലെ കീടനാശിനി നിയന്ത്രണ ബില്ലിന്റെ കരടിൽ, കീടനാശിനികൾ നിയന്ത്രിക്കുന്നതിനും മനുഷ്യർക്ക് ഹാനികരമായ ഉല്പന്നങ്ങൾ നിരോധിക്കുന്നതിനും കീടനാശിനികൾ മൂലമുള്ള വിളനാശത്തിന് ഉല്പാദകരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിനും സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലയെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ വ്യവസ്ഥകൾ പരിഷ്കരിക്കേണ്ടത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ?

## <u>രാസവളക്ഷാമം പരിഹരിക്കാൻ നടപടി</u>

1715 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രൂക്ഷമായ രാസവളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) രാസവളത്തിന് കേന്ദ്രസർക്കാർ നൽകുന്ന സബ്സിഡിയിൽ കുറവ് വരുത്തിയത് കർഷകരെ ദോഷകരമായി ബാധിക്കാതിരിക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക സബ്സിഡി നൽകുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

## <u>ഭൗമ സൂചിക പദവി സംബന്ധിച്ച്</u>

1716 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി തേങ്ങാ, അത്രൂർ ഒളോർ മാങ്ങ എന്നിവയ്ക്ക് ഭൗമ സൂചിക പദവി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾക്ക് കാലതാമസമെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ; വിശദമാക്കാമോ;

(സി) കുറ്റ്യാടി തേങ്ങ, അത്രൂർ മാങ്ങ എന്നിവയ്ക്ക് ഭൗമ സൂചിക പദവി ലഭ്യമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും, ഇനി പൂർത്തിയാക്കേണ്ട നടപടിക്രമങ്ങളും വിശദമാക്കാമോ?

## <u>കൈപ്പമംഗലം മണ്ഡലത്തിലെ അഗ്രോ സെന്ററിന്റെ പ്രവർത്തനം</u>

1717 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ വളരെ നല്ല രീതിയിൽ നടന്നുവരുന്ന മതിലകം അഗ്രോ സെന്ററിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണെങ്കിൽ ജില്ലയിലെ തന്നെ പ്രധാന കേന്ദ്രമായി മാറ്റാൻ കഴിയും

എന്നത് ശ്രദ്ധയിലുണ്ടോ; എങ്കിൽ ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## അരിമ്പൂരിലെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ

1718 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ അരിമ്പൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ കൃഷി സംബന്ധമായ ഏതെല്ലാം യന്ത്ര സാമഗ്രികൾ നിലവിലുണ്ടെന്നും, അവ പ്രവർത്തനക്ഷമമാണോയെന്നും അറിയിക്കുമോ;

(സി) കേടുപാടുകൾ വരുന്ന യന്ത്ര സാമഗ്രികൾ നന്നാക്കാനുള്ള സൗകര്യങ്ങൾ പ്രസ്തുത സ്ഥാപനത്തിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ അവ നന്നാക്കുന്നതിന് നിലവിൽ എന്തുമാർഗ്ഗമാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എത്രകാലമായി പ്രസ്തുത സ്ഥാപനം അരിമ്പൂരിൽ പ്രവർത്തിക്കുന്നുവെന്നും അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ടോയെന്നും അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനങ്ങളെ കുറിച്ച് വിശദമാക്കാമോ?

## 2025 ലെ വിത്ത് നിയമ ഭേദഗതി ബില്ലിലെ കർഷക വിരുദ്ധ വ്യവസ്ഥകൾ

1719 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച 2025 ലെ വിത്ത് നിയമ ഭേദഗതി ബില്ലിൽ കർഷക വിരുദ്ധമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമഭേദഗതി കാർഷിക മേഖലയെയും കർഷകരെയും ഏതൊക്കെ രീതിയിൽ ദോഷകരമായി ബാധിക്കുവാൻ സാധ്യതയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## 2025 ലെ വിത്ത് നിയമ ഭേദഗതി

1720 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച 2025 ലെ വിത്ത് നിയമ ഭേദഗതി ബില്ലിൽ വിത്തുകളുടെ വില നിയന്ത്രിക്കുന്നതിനും വ്യാജ വിത്തിനങ്ങൾ മൂലം കർഷകർക്ക് ഉണ്ടാകുന്ന കൃഷിനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ വസ്തുത ഉൾപ്പെടെ ബില്ലിലുള്ള കർഷകവിരുദ്ധ വ്യവസ്ഥകളെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ കെ. എൽ. ഡി. സി. മുഖേന പുനരുദ്ധരിച്ച കുളങ്ങൾ

1721 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പ് കെ. എൽ. ഡി. സി. (കേരളാ ലാൻഡ് ഡവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ്) മുഖേന പുനരുദ്ധരിച്ച കുളങ്ങൾ ഏതൊക്കെയെന്നും അതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ വലിയവെളിച്ചം കാംകോ യൂണിറ്റ്

1722 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015-ൽ ആരംഭിച്ച കേരള ആഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന്റെ (കാംകോ) യംഗ് ജനറേഷൻ പവർ ടില്ലർ ഉല്പാദന യൂണിറ്റിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) കാർഷിക മേഖലയിലേക്ക് പുതിയ തലമുറയെ ആകർഷിക്കാനുള്ള യന്ത്ര നിർമ്മാണത്തിന് വഴിയൊരുക്കുന്ന ഏറെ സൗകര്യപ്രദമായ പ്രസ്തുത യൂണിറ്റ് കാര്യക്ഷമമാക്കി ഉല്പാദനക്ഷമത വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സ്വകാര്യ കമ്പനികളുടെ യന്ത്രത്തിന് പകരം സർക്കാർ സ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന യന്ത്രങ്ങൾ കർഷകർക്ക് വിലക്കുറവിൽ ലഭ്യമാക്കാൻ കൂത്തുപറമ്പിലെ കാംകോ യൂണിറ്റിനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കോട്ടയം ജില്ലാ ലേല കേന്ദ്രം (സംഘമൈത്രി) വഴി കർഷകർക്ക് അടിസ്ഥാനവില നിർണയം

1723 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുറുപ്പന്തറയിൽ പ്രവർത്തിക്കുന്ന ജില്ലാ ലേല കേന്ദ്രത്തിൽ (സംഘമൈത്രി) കർഷകർക്ക് അടിസ്ഥാന വിലയേക്കാൾ താഴ്ന്ന വില ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് കാരണമായ ഘടകങ്ങൾ, കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തെ (സംഘമൈത്രി) 'നോട്ടിഫൈഡ് മാർക്കറ്റ്' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിർദ്ദേശങ്ങളോ ശിപാർശകളോ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതിയും

മന്ത്രിസഭാതലത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള സമയപരിധിയും അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ നവീകരണത്തിനായി 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അഡീഷണൽ ഡയറക്ടർ ഓഫീസിൽ തയ്യാറാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്നും നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ഉൽപ്പന്നങ്ങൾ ലേലം ചെയ്യുന്ന കർഷകർക്ക് നൽകേണ്ട ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ലേലകേന്ദ്രത്തിന്റെ പ്രവർത്തനത്തിനാവശ്യമായ 10 ലക്ഷം രൂപയുടെ റിവോൾവിംഗ് ഫണ്ട്, 2 ലക്ഷം രൂപയുടെ കൈകാര്യ ചെലവ് എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവനുകൾ

1724 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം കൃഷി ഓഫീസുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കൃഷി ഭവന്റെയും നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തിരുവമ്പാടി കൃഷി ഭവൻ കെട്ടിടം നിർമ്മാണം

1725 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കൃഷി ഭവൻ - രണ്ടാം ഘട്ടം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ കൃഷി ഭവനുകൾ മുഖേന നടപ്പാക്കിയ പദ്ധതികൾ

1726 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാമനപുരം മണ്ഡലത്തിലെ കൃഷി ഭവനുകൾ മുഖേന നടപ്പാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്നും, എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും, ഓരോ പദ്ധതിക്കും ചെലവാക്കിയ തുക എത്രയാണെന്നും സംബന്ധിച്ച വിവരങ്ങൾ കൃഷിഭവൻ തിരിച്ച് നൽകാമോ?

## നിരണം, പെരിങ്ങര കൃഷിഭവൻ നിർമ്മാണം

1727 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരണം, പെരിങ്ങര കൃഷിഭവനുകളുടെ നിർമ്മാണം തടസപ്പെടുവാൻ ഉണ്ടായ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) മുൻപ് കൃഷിഭവനുകൾ പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞ സാഹചര്യത്തിൽ കൃഷിഭവനുകൾക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>തിരൂരങ്ങാടി മണ്ഡലത്തിലെ കൃഷിഭവൻ ജീവനക്കാരുടെ ഒഴിവുകൾ</u>**

1728 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി, തിരൂരങ്ങാടി, നന്നമ്പ്ര, തെന്നല, പെരുമണ്ണ-ക്ളാരി, എടരിക്കോട് എന്നീ കൃഷിഭവനുകളിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ തസ്തികകളിൽ ഏതെല്ലാം തസ്തികകളിൽ സ്ഥിരം ജീവനക്കാരുണ്ട്; ഏതെല്ലാം തസ്തികകൾ ജീവനക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത കൃഷിഭവനുകളിൽ ജീവനക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ സ്ഥിരം ജീവനക്കാർ ഇല്ലാതായിട്ട് എത്ര കാലമായെന്നും; ഒഴിവ് നിലവിൽ വന്ന തീയതിയും തസ്തികകളും കൃഷിഭവനുകളും ഇനം തിരിച്ച് വിശദമാക്കാമോ;

(ഡി) ജീവനക്കാരെ നിയമിക്കുന്നതിനു തിരൂരങ്ങാടി നിയമസഭാംഗം നൽകിയ കത്ത് പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**<u>തൃക്കരിപ്പൂർ മണ്ഡലത്തിലെ റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷനിൽ ജീവനക്കാരുടെ നിയമനം</u>**

1729 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പീലിക്കോട് പ്രവർത്തിക്കുന്ന റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷനിൽ എത്ര ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഈ തസ്തികകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കാർഷികോത്പാദനം സംബന്ധിച്ച്</u>**

1730 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 വർഷ കാലയളവിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിലെ നെല്ല്, തേങ്ങ എന്നിവയുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ നെല്ല്, തേങ്ങ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ?

## അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിലെ നെൽകൃഷി രോഗബാധയും നഷ്ടപരിഹാരവും

1731 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള പാടശേഖരങ്ങളിലെ നെൽകൃഷിക്ക് വ്യാപകമായി രോഗബാധ ഉണ്ടായി കൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷിനാശത്തിന് കാരണമായ ഘടകങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത രോഗബാധ മൂലം ഏകദേശം എത്ര ഏക്കർ പാടശേഖരത്തിലെ കൃഷി നശിച്ചുപോയിട്ടുണ്ട്; എത്ര കർഷകർക്ക് എത്ര രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്; നഷ്ടം കണക്കാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി തിട്ടപ്പെടുത്തി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കർഷകർക്കെല്ലാം വിള ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ടോ; എങ്കിൽ ഇൻഷ്വറൻസ് തുക നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്ത് രോഗവ്യാപനം തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഭാവിയിൽ സമാനമായ രോഗബാധ തടയുന്നതിന് ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കാട്ടാക്കട മണ്ഡലത്തിലെ പ്ലാവ് കൃഷി

1732 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാവ് കൃഷി ആരംഭിച്ചത് എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ; ഓരോ പഞ്ചായത്തിലും ഓരോ വർഷവും എത്ര സ്ഥലത്താണ് പ്ലാവ് കൃഷി നടന്നതെന്ന് തരംതിരിച്ച് വിശദമാക്കാമോ?

## എറണാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങൾ

1733 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കിവരുന്നതും നാളിതുവരെ നടപ്പിലാക്കാത്തതുമായ പാടശേഖരങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) കൃഷിക്ക് അനുയോജ്യമല്ലെന്ന് കൃഷി ഓഫീസർമാർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ വർഷം മുഴുവൻ കെട്ടുകൾ മാത്രം നടത്തുന്ന പൊക്കാളി പാടശേഖരങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) യാതൊരു അനുമതിയും ലൈസൻസും ഇല്ലാതെ കെട്ടുകൾ മാത്രം നടത്തുന്ന പാടശേഖരങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ഇ) ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കാതെ വർഷം മുഴുവൻ കെട്ടുകൾ മാത്രം നടത്തി ജനവാസ കേന്ദ്രങ്ങളിലും സമീപത്തെ റോഡുകളിലും ഓരുവെള്ളം ക്രമാതീതമായി കയറ്റി ജനങ്ങളുടെ സ്വത്തിനും റോഡുകൾ ഉൾപ്പെടെയുള്ള സർക്കാർ ആസ്തികൾക്കും വൃക്ഷലതാതികൾക്കും നാശനഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാടശേഖരങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(എഫ്) എറണാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങളിൽ നെൽകൃഷി, മത്സ്യകൃഷി, ഓരുജലം ക്രമപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ച് പൊക്കാളി നില വികസന ഏജൻസി ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത്തരം പാടശേഖരങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ജി) കൊച്ചി താലൂക്ക് തല നിരീക്ഷണ സമിതി ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

1734 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

## കാട് കയറി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി

1735 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും കാട് കയറി കിടക്കുന്നതുമായ ഭൂമിയിൽ കാട്ടു പന്നികൾ ആവാസ വ്യവസ്ഥ കണ്ടെത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരം ഭൂമി കൃഷിയോഗ്യമാക്കുന്നതിന് വസ്തു ഉടമകളുടെ സഹകരണത്തോടെ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1736 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് അനുവദിച്ച തുകയും, അവയുടെ നിലവിലെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

## മങ്കട മണ്ഡലത്തിലെ കൃഷിയിടങ്ങൾ

1737 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി എത്ര കൃഷിയിടങ്ങളുണ്ടെന്നും ഏതൊക്കെ കൃഷിയിനങ്ങളാണ് ഉള്ളതെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ഈ മണ്ഡലത്തിലെ കർഷകരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ തരിശുഭൂമി കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; അവയുടെ വിസ്തൃതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ കൃഷി വകുപ്പ് പ്രവർത്തനങ്ങൾ

1738 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ നാളിതുവരെ ചാത്തന്നൂർ മണ്ഡലത്തിൽ കൃഷി വകുപ്പ് വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത പ്രവൃത്തികൾക്കോരോന്നിനും ചെലവായ തുക എത്രയെന്നും സാമ്പത്തികവർഷം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കൃഷിവകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ചാത്തന്നൂർ മണ്ഡലത്തിലേക്ക് മാത്രമായി നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ?

## കോവളം നിയോജക മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികളുടെയും പ്രവൃത്തികളുടെയും വിവരങ്ങൾ

1739 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജക മണ്ഡലത്തിൽ 2016-21, 2021-26 കാലയളവിൽ കൃഷി വകുപ്പിന്റെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അവയ്ക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ?

## തരിശുരഹിത സംസ്ഥാനമായി ഉയർത്തുന്നതിനുള്ള പദ്ധതി

1740 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ തരിശു രഹിത സംസ്ഥാനമായി ഉയർത്തുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് തരിശുരഹിത പഞ്ചായത്താക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഏതെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

## കേരള അഗ്രോ ബിസിനസ് കമ്പനി

1741 **ശ്രീ. എം. എം. മണി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ദേശീയ-അന്തർദേശീയ വിപണി കണ്ടെത്തുന്നതിനായി രൂപീകരിച്ച കേരള അഗ്രോ ബിസിനസ് കമ്പനിയുടെ (കാബ്കോ) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കമ്പനിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നേടുന്നതിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) കമ്പനിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ആരംഭിക്കുന്ന എക്സ്പോ & അഗ്രി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; മറ്റെന്തെല്ലാം നിർമ്മാണപ്രവർത്തനങ്ങളാണ് കമ്പനിയുടെ ഭാഗമായി നടന്നുവരുന്നത്; കാർഷിക വിപണനത്തിന് ഇത് എത്രത്തോളം ഉപകാരപ്രദമാണ്; വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1742 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര വീതമെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

1743 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖാന്തിരം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പ് അനുവദിച്ച പ്രവൃത്തികൾ

1744 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് വഴി 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ പഞ്ചായത്ത്/ നഗരസഭ തിരിച്ച് ലഭ്യമാക്കാമോ?

## കൃഷിഫാമുകളിലെ കാഷ്വൽ തൊഴിലാളികളുടെ സ്ഥിരപ്പെടുത്തൽ

1745 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കൃഷി ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിന്റെ വിവിധ പദ്ധതികൾ

1746 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് കല്ല്യാശ്ശേരി മണ്ഡലത്തിൽ മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ എത്ര അടങ്കൽ തുകയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഡിപ്ലോമ ഇൻ അഗ്രികൾച്ചർ, ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രികൾച്ചർ കോഴ്സുകൾ

1747 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഡിപ്ലോമ ഇൻ അഗ്രികൾച്ചർ, ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രികൾച്ചർ എന്നീ കോഴ്സുകൾ നടത്തിവരുന്നത്;

(ബി) പ്രസ്തുത കോഴ്സുകൾ ഏതെല്ലാം തസ്തികകൾക്കുള്ള അടിസ്ഥാനയോഗ്യതയാണ് എന്ന് വ്യക്തമാക്കുമോ?

## ആശ്രിത നിയമനം നൽകുന്നതിന് നടപടി

1748 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തൃശ്ശൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യുക്കേഷൻ ഓഫീസിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ശ്രീമതി അനിത എം.ബി.-യുടെ മകൾ അനഘയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

**<u>നാലുവർഷ ബിരുദ പ്രോഗ്രാം</u>**

1749 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീ വി കെ പ്രശാന്ത്**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ സവിശേഷതകളായ പ്രധാന വിഷയങ്ങളിലെ മാറ്റം, കോളേജ് മാറ്റം, അന്തർ സർവകലാശാല മാറ്റം എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) നാലുവർഷ ബിരുദ പ്രോഗ്രാമിൽ പരീക്ഷ നടത്തിപ്പ്, റിസൾട്ട് പ്രഖ്യാപനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

**<u>ആർട്സ് & സയൻസ് കോളേജുകളിലെ അധ്യാപക നിയമനം</u>**

1750 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദാനന്തര ബിരുദ ക്ലാസുകൾക്ക് നൽകി വന്നിരുന്ന പി. ജി. വെയിറ്റേജ് പിൻവലിക്കാൻ തീരുമാനിച്ചത് ഏത് അക്കാദമിക് പഠനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; ഈ തീരുമാനം എടുക്കുന്നതിന് മുമ്പ് വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ്; സമിതിയുടെ റിപ്പോർട്ട് സഭയിൽ വയ്ക്കുമോ;

(ബി) പ്രസ്തുത കോളേജുകളിലെ പതിനാറ് മണിക്കൂറിൽ താഴെ വരുന്ന ടീച്ചിംഗ് തസ്തികകൾ എക്സസ് പോസ്റ്റുകളായി കണക്കാക്കി കൊണ്ടുള്ള ഉത്തരവ് പുറത്തിറക്കും മുൻപ് ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിക്രമങ്ങൾ ആണ് പൂർത്തിയാക്കിയത്; ഇതുമായി ബന്ധപ്പെട്ട് അക്കാദമിക്/ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത കോളേജുകളിലെ പതിനാറ് മണിക്കൂറിൽ താഴെ വരുന്ന ടീച്ചിംഗ് തസ്തികകൾ എക്സസ് പോസ്റ്റുകളായി കണക്കാക്കി കൊണ്ട് 01.04.2020 ൽ പുറത്തിറക്കിയ ഉത്തരവ് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത് മൂലം എസ്. സി./എസ്. ടി. ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായ ബുദ്ധിമുട്ട് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആർട്സ് & സയൻസ് കോളേജുകളിൽ എഫ്. വൈ. യു. ജി. പി. (ഫോർ ഇയർ അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാം)

നടപ്പിലാക്കിയതിനെ തുടർന്ന് അധ്യയന സമയങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; പ്രസ്തുത അധ്യയന സമയങ്ങളിലേക്ക് ഗസ്റ്റ് അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഇപ്രകാരം ഗസ്റ്റ് അധ്യാപകർ പതിനാറ് മണിക്കൂർ ജോലി ചെയ്യുന്ന തസ്തികകളിലേക്ക് സ്ഥിരം അധ്യാപകരെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിൽ നിയമപരവും സാങ്കേതികപരവുമായി എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

## സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സർക്കാർ/എയ്ഡഡ് കോളേജുകൾ

1751 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.06.2016-ന് ശേഷം സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സർക്കാർ, എയ്ഡഡ് കോളേജുകളുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തീയതിക്ക് ശേഷം പുതുതായി ആരംഭിച്ച എയ്ഡഡ് കോളേജുകളുടെ മാനേജ്മെന്റിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) 01.06.2016-ന് ശേഷം സംസ്ഥാനത്ത് പുതുതായി എയ്ഡഡ് കോളേജുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഏൺ ബൈ ലേൺ പദ്ധതി

1752 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യൂ കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിനൊപ്പം വരുമാനം കൂടി ഉറപ്പാക്കാൻ സാധിക്കും വിധം ഏൺ ബൈ ലേൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സർക്കാർ നൽകിയ സഹായങ്ങൾ വിശദമാക്കാമോ;

(സി) പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠനകാലത്തുതന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ട ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നാലുവർഷ ബിരുദ കോഴ്സ്

1753 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ നാലുവർഷ ബിരുദ പ്രോഗ്രാം, ദേശീയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്ന രീതിയിൽ നിന്ന് എങ്ങനെയെല്ലാം

വ്യത്യസ്തമായിരിക്കുന്നുവെന്ന് വിശദീകരിക്കാമോ;

(ബി) യു.ജി.സി. മുന്നോട്ട് വയ്ക്കുന്ന ഇന്ത്യൻ നോളജ് സിസ്റ്റംസ് കോഴ്സിന് ബദലായി സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന്റെ മാതൃകകൾ യു.ജി.സി. സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>ഉന്നതവിദ്യാഭ്യസ മേഖലയിലെ പരിഷ്കരണങ്ങൾ</u>

1754 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല സാമ്പ്രദായിക വിദ്യാഭ്യാസ രീതിയിൽ നിന്നും മാറി ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന രീതിയിൽ എന്തെല്ലാം പരിഷ്കരണങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) വിദ്യാർത്ഥികളെ ലോകോത്തര രീതിയിൽ ഉയർത്തുന്നതിന് ഉന്നത വിദ്യാഭ്യസ മേഖലയിൽ ആവിഷ്കരിച്ച നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളുണ്ടോ; വിശദമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷയിലെ ആശയ വിനിമയത്തിൽ പ്രതിഫലിക്കുന്ന നിലവാരക്കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ?

## <u>വികസിത് ഭാരത് ശിക്ഷാ അധിസ്ഥാൻ ബില്ലിലെ വ്യവസ്ഥകൾ</u>

1755 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസിത് ഭാരത് ശിക്ഷാ അധിസ്ഥാൻ ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂർണമായും കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിയന്ത്രണത്തിന് വിധേയമാകുന്ന രീതിയിലുള്ള വ്യവസ്ഥകളോട് സംസ്ഥാന സർക്കാർ വിയോജിപ്പ് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

## <u>ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്താൻ നടപടി</u>

1756 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തി മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ സ്വകാര്യമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും കാര്യക്ഷമമാക്കാനും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

1757 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം കോളേജുകൾക്കാണ് അസാപ്, റൂസ ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**മാധവകവി മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

1758 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് മാധവകവി മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി മുഖാന്തിരം നടന്ന കെട്ടിട നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; അടങ്കൽ തുക, കെട്ടിടങ്ങളുടെ വിസ്തീർണ്ണം, ഉപയോഗം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കോളേജിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മഞ്ചേരി മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ പദ്ധതികൾ**

1759 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ ഉന്നത വിദ്യാഭ്യാസ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; പ്രവർത്തികൾ നടന്നുവരുന്ന നിലവിലുള്ള പദ്ധതികളുടെ പുരോഗതി കൂടി വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുവാൻ സർക്കാർ തയ്യാറാകുമോ;

(സി) മഞ്ചേരി യൂണിറ്റി വുമൺസ് കോളേജിൽ എം.എസ്‌സി. ഹോം സയൻസ് കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മഞ്ചേരി മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പുകൾക്ക് കീഴിൽ പുതിയ വിദ്യാഭ്യാസ പദ്ധതികൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ**

1760 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ കിഫ്ബി പദ്ധതിയുൾപ്പടെയുള്ള എല്ലാ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

**<u>കോന്നി മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ</u>**

1761 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരവും പുരോഗതിയും നൽകാമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ പദ്ധതികൾ</u>**

1762 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലയളവിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയതും തുടർന്ന് വരുന്നതുമായ വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, അവയുടെ നിർവ്വഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

**<u>നാദാപുരം മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ</u>**

1763 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ 2016 മുതൽ 2025 വരെയുള്ള കാലയളവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് അനുവദിച്ച കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>ഉന്നതവിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ</u>**

1764 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തിയ പരിഷ്കാരങ്ങൾ</u>**

1765 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>ഗുരുവായൂർ മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പദ്ധതി</u>**

1766 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>അഴീക്കോട് മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

1767 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നിലവിലെ സർക്കാരിന്റെ കാലയളവിൽ അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവ, പുരോഗമിക്കുന്നവ, ആരംഭിക്കാത്തവ എന്നിവ തരംതിരിച്ച് തുക ഉൾപ്പടെയുള്ള വിശദാംശം നൽകാമോ?

**<u>അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റ്</u>**

1768 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് പ്രൊഫസർ (വിവിധ വിഷയങ്ങൾ) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പല ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ ;

(ബി) നിലവിൽ കോളേജുകളിൽ അധ്യാപകരുടെ എണ്ണം അധികമായതിനാലാണോ അസിസ്റ്റന്റ് പ്രൊഫസർ നിയമനം തടസ്സപ്പെട്ട് കിടക്കുന്നത്; അധിക അധ്യാപക തസ്തികകളുടെ എണ്ണം കണക്കാക്കുന്നതിന് ഏത് വർക്ക് ലോഡാണ് സ്വീകരിച്ചത്; നാലു വർഷ ഡിഗ്രി (എഫ്.വൈ.യു.ജി.പി.) വന്നതിനുശേഷം ഉള്ള വർക്ക് ലോഡ് ആണോ അതോ അതിനു മുമ്പത്തെ സ്കീമിൽ ഉള്ള വർക്ക് ലോഡ് ആണോ; വിശദമാക്കാമോ ;

(സി) നാല്വ വർഷ ഡിഗ്രി കോഴ്സ് ആരംഭിച്ചതിനുശേഷം അധ്യാപകരുടെ വർക്ക് ലോഡ് വർദ്ധിക്കുകയും അധിക അധ്യാപകരുടെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നാല്വ വർഷ ഡിഗ്രിയുടെ (എഫ്.വൈ.യു.ജി.പി.) ആദ്യ ബാച്ച് പൂർത്തിയാകുന്നതോടുകൂടി അധിക അധ്യാപകരുടെ പ്രശ്നം പരിഹരിക്കപ്പെടുമോ; വിശദമാക്കാമോ ;

(ഇ) അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം ലഭിക്കുന്നതിനു നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ?

## <u>അസിസ്റ്റൻറ് പ്രൊഫസർ റാങ്ക് ലിസ്റ്റുകൾ</u>

1769 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിലെ അസിസ്റ്റൻറ് പ്രൊഫസർ തസ്തികകളിലേക്കുള്ള ഏതൊക്കെ റാങ്ക് ലിസ്റ്റുകൾ ആണ് 2025-26 അദ്ധ്യയന വർഷത്തിൽ നിലവിലുണ്ടായിരുന്നത്;

(ബി) പ്രസ്തുത തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഒന്നാം റാങ്കുകാർക്ക് പോലും നിയമനം നൽകാതെ കാലാവധി അവസാനിക്കുകയോ നിലനിൽക്കുന്നതോ ആയ റാങ്ക് ലിസ്റ്റുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇവർക്ക് നിയമനം നൽകാൻ കഴിയാതെ വന്നതെന്ന് വിശദമാക്കുമോ;

(സി) എല്ലാ കോളേജുകളിൽ നിന്നും വർക്ക് ലോഡ് സ്റ്റേറ്റ്മെൻറ് ശേഖരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായോ; എങ്കിൽ പ്രസ്തുത സ്റ്റേറ്റ്മെൻറ് ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ടോ; എന്നാണ് ഇത് കൈമാറിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ധനകാര്യവകുപ്പിന് വർക്ക് ലോഡ് സ്റ്റേറ്റ്മെൻറ് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ കോളേജുകളിൽ നിയമനം നടത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കുകയുണ്ടായോ;

(ഇ) ഉന്നത വിദ്യാഭ്യാസം തേടി നമ്മുടെ യുവതലമുറ വലിയ തോതിൽ അന്യസംസ്ഥാനങ്ങളിലേക്കും അന്യരാജ്യങ്ങളിലേക്കും ചേക്കേറി കൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപക ജീവനക്കാരുടെ കുറവ് ഈ പാലായനത്തിന്റെ ആക്കം കൂട്ടുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കുക ?

## <u>കോളേജ് അധ്യാപക നിയമനം</u>

1770 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ കോളേജുകളിലേക്ക് അസിസ്റ്റൻറ് പ്രൊഫസർ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഈ റാങ്ക് ലിസ്റ്റ് നിലവിൽ

വന്നശേഷം ഇതിൽ നിന്നും നടത്തിയ നിയമനങ്ങളുടെ കണക്കുകൾ നൽകാമോ;

(ബി) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്; പ്രസ്തുത കാലാവധിക്കുള്ളിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ ഒഴിവുകൾ അവശേഷിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പല കോളേജുകളിലും ഒഴിവുകളുള്ള തസ്തികകളിലേക്ക് ഗസ്റ്റ് അധ്യാപകരെ നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നില്ലെന്ന പരാതികൾ ഉണ്ടാകുന്നുണ്ടോ; ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും സാധ്യമായ പരാമാവധി നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കാമോ?

## പത്തിരിപ്പാല ഗവ. ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന വികസനം

1771 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പത്തിരിപ്പാല ഗവ. ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നു വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## മലപ്പുറം സർക്കാർ വനിതാ കോളേജിന് കെട്ടിട നിർമാണം

1772 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ. വനിതാ ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച് ധനാനുമതി ലഭിച്ചെങ്കിലും കഴിഞ്ഞ രണ്ടു വർഷമായിട്ടും നിർമ്മാണ നടപടികളൊന്നും നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതിക്ക് സാങ്കേതിക അനുമതിയും ടെണ്ടർ നടപടികളും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നേത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## മൊകേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

1773 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷയിൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 2021 മെയ് മാസം മുതൽ ഇതു വരെയായി മൊകേരി ഗവൺമെന്റ് കോളേജിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് പ്രവൃത്തികളുടെ അടങ്കൽ തുക സഹിതം വിശദമാക്കാമോ?

## വൈപ്പിൻ ഗവ. ആർട്ട്സ് ആന്റ് സയൻസ് കോളേജിന്റെ ഉന്നമനം

1774 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഗവ. ആർട്ട്സ് ആന്റ് സയൻസ് കോളേജിന്റെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കോളേജിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് തുക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

## സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം

1775 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽ നിയമനത്തിന് കാലതാമസം നേരിടുന്നതിനാൽ ഗുരുതരമായ പ്രതിസന്ധി നിലനിൽക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ആകെ എത്ര ഗവൺമെന്റ് കോളേജുകളുണ്ടെന്നും അവയിൽ എത്രയിടങ്ങളിൽ സ്ഥിരം പ്രിൻസിപ്പൽമാരുടെ സേവനം ലഭ്യമാണെന്നും വ്യക്തമാക്കാമോ; പ്രിൻസിപ്പൽ നിയമനം അടിയന്തരമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വണ്ടൂർ മണ്ഡലത്തിലെ കാളികാവിൽ പുതിയ സർക്കാർ കോളേജ്

1776 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജക മണ്ഡലത്തിലെ കാളികാവിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയായെന്നു വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജ് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) 2016 മെയ് മുതൽ നാളിതുവരെ സംസ്ഥാനത്ത് പുതുതായി എത്ര സർക്കാർ കോളേജുകൾ ആരംഭിച്ചു്ണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

## ഹെൽത്ത് ഫിറ്റ്നസ് ആൻഡ് സ്പോർട്സ് മാനേജ്മെന്റ് കോഴ്സ് അനുവദിക്കാൻ നടപടി

1777 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് മാധവകവി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഹെൽത്ത് ഫിറ്റ്നസ് ആൻഡ് സ്പോർട്സ് മാനേജ്മെന്റിൽ നാലുവർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ആയതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## നിലമ്പൂർ ഗവൺമെന്റ് കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ

1778 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് കോളേജിന് വേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

**കിനാനൂർ- കരിന്തളം സർക്കാർ കോളജിൽ കെട്ടിടനിർമ്മാണം**

1779 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ - കരിന്തളം ഗവ: ആർട്സ് & സയൻസ് കോളജിന് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ കിഫ്ബി ഫണ്ട് ഉപയോഗിച്ചിട്ടുള്ള നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**കുളത്തൂർ ഗവൺമെന്റ് കോളേജിൽ അനുവദിച്ച കോഴ്സുകൾ**

1780 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂരിൽ സ്ഥിതി ചെയ്യുന്ന ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജിൽ 2016-17 മുതൽ 2025-26 വരെയുള്ള അദ്ധ്യയന വർഷങ്ങളിൽ അനുവദിച്ച പുതിയ കോഴ്സുകളുടെ വിവരം ആരംഭിച്ച വർഷം സഹിതം വ്യക്തമാക്കാമോ?

**കുളത്തൂർ ഗവ: കോളേജിലെ നിർമ്മാണ പ്രവർത്തികൾക്ക് ഫണ്ട്**

1781 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ ഏതൊക്കെ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചു; ഓരോ നിർമ്മാണ പ്രവർത്തിക്കും അനുവദിച്ച തുക എത്ര; എന്നിവ വ്യക്തമാക്കാമോ?

**സർക്കാർ - എയ്ഡഡ് കോളേജുകളുടെ വിവരം**

1782 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലകളിൽ നിലവിലുള്ള ആർട്സ് & സയൻസ് കോളേജുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത എയ്ഡഡ് കോളേജുകളുടെ മാനേജ്മെന്റിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## <u>ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരുടെ സ്ത്രീ-പുരുഷ അനുപാതത്തിൽ ഒന്നാം സ്ഥാനം</u>

1783 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരുടെ സ്ത്രീ-പുരുഷ അനുപാതത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും വിദ്യാഭ്യാസ നയങ്ങൾ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസം നേടുന്ന സ്ത്രീകളിൽ കൂടുതൽ പേരും തൊഴിൽ രംഗത്ത് എത്തിച്ചേരുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉന്നതവിദ്യാഭ്യാസം നേടുന്ന വനിതകൾക്ക് തൊഴിൽ മേഖലയിൽ വിജയം കൈവരിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് സഹായങ്ങൾ നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ആധുനികവത്കരണം</u>

1784 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം സൃഷ്ടിക്കുന്ന പുതിയ വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതികവൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാധ്യമാകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വ്യവസായ മേഖലയുടെ പുതിയ ആവശ്യങ്ങൾക്ക് അനുസൃതമായ സാങ്കേതികവൈദഗ്ധ്യം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആധുനികകാല വ്യവസായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് കോഴ്സുകൾ രൂപകൽപന ചെയ്യുന്നതിനും വ്യവസായസംരംഭകരുമായി ആശയവിനിമയം നടത്തുന്നതിനും സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് നിലവിൽ സംവിധാനങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എ.ഐ. സാങ്കേതിക വിദ്യ ഉൾപ്പടെയുള്ള നൂതന സാങ്കേതികവിദ്യകളിലധിഷ്ഠിതമായ കോഴ്സുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കോഴിക്കോട് ഗവ: എഞ്ചിനീയറിംഗ് കോളേജ് വികസനം</u>

1785 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് വികസനത്തിനായി നിലവിലെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കാലയളവിൽ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഏതെങ്കിലും പുതിയ കോഴ്സിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>ശ്രീകൃഷ്ണപുരം ഗവ: എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം</u>**

1786 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്താനുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗവ: എഞ്ചിനീയറിംഗ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ ഏത് അവസ്ഥിയിലാണ് ഉള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടെൻഡറിൽ ഊരാളുങ്കൽ സൊസൈറ്റി പങ്കെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്ക് പ്രസ്തുത ടെൻഡർ നൽകണമെന്ന വ്യവസ്ഥ ഉണ്ടോ; എങ്കിൽ എന്തുകൊണ്ട് അവർക്ക് നൽകുന്നില്ല; വ്യക്തമാക്കുമോ;

(സി) നിലവിൽ ടെൻഡറുമായി ബന്ധപ്പെട്ട ഫയൽ ആരുടെ കൈവശമാണ് ഉള്ളത്; എന്നത്തേക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കും; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**<u>സമാശ്വാസ തൊഴിൽ ദാന പദ്ധതി</u>**

1787 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ട്രേഡ് ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട അബി.കെ.അലിയാരുടെ ഭാര്യ ശ്രീമതി. ജാസ്മോൾ എ.എം.- ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവ് നൽകിയിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>നെയ്യാറ്റിൻകര പോളിടെക്നിക്കിൽ നിർമ്മാണ പ്രവർത്തികൾക്ക് അനുവദിച്ച തുക</u>**

1788 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക്കിൽ വിവിധ നിർമ്മാണ

പ്രവൃത്തികൾക്ക് വേണ്ടി എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ; ഓരോ ഫണ്ടും ഏതൊക്കെ പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിൽ ഗവ: പോളിടെക്നിക് കോളേജ്

1789 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ഗവ: പോളിടെക്നിക് കോളേജ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് കോളേജ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(ബി) കഴിഞ്ഞ ബജറ്റിൽ പ്രസ്തുത ആവശ്യത്തിന് എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്;

(സി) ഏതെല്ലാം കോഴ്സുകളാണ് ആദ്യമായി ആരംഭിക്കാനുദ്ദേശിക്കുന്നത്; അടുത്ത അദ്ധ്യായന വർഷം തന്നെ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമോ?

## എഞ്ചിനീയറിങ് ഡിപ്ലോമയുള്ള സീനിയർ പ്രാക്ടിക്കൽ അദ്ധ്യാപകരുടെ പ്രമോഷൻ തസ്തികകൾ

1790 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിൽ പ്രാക്ടിക്കൽ അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുന്നതിനായി, എഞ്ചിനീയറിങ് ഡിപ്ലോമ യോഗ്യതയുള്ള സീനിയർ പ്രാക്ടിക്കൽ അദ്ധ്യാപകരുടെ പ്രമോഷൻ തസ്തികകൾ അധിക സാമ്പത്തിക ബാധ്യതകളൊന്നുമില്ലാതെ സൃഷ്ടിക്കുന്നത് സംബന്ധിച്ച് 24.11.2021-ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

1791 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് പോളി ടെക്നിക്കിൽ 2016-17 അദ്ധ്യയന വർഷം മുതൽ 2025-26 അദ്ധ്യയന വർഷം വരെ പുതിയതായി അനുവദിച്ച കോഴ്സുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; കോഴ്സുകൾ അനുവദിച്ചിട്ടുള്ളത് ഏതൊക്കെ വർഷത്തിലാണെന്നും വ്യക്തമാക്കാമോ?

## കുറവിലങ്ങാട് സയൻസ് സിറ്റിയുടെ രണ്ടാംഘട്ട വികസനം

1792 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് സയൻസ് സിറ്റിയുടെ രണ്ടാംഘട്ട വികസനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇതിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) രണ്ടാംഘട്ട വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പദ്ധതികളും സൗകര്യങ്ങളും ഏതെല്ലാമാണ്;

(സി) രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനുണ്ടായ താമസത്തിന്റെ കാരണം എന്താണ്; ആയതിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) ഈ വികസന ഘട്ടം പൂർത്തിയാകുന്നതോടെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭിക്കാനിരിക്കുന്ന പുതിയ ശാസ്ത്ര-സാങ്കേതിക സൗകര്യങ്ങൾ ഏതെല്ലാം;

(ഇ) രണ്ടാംഘട്ട വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ, ടെൻഡർ നടപടികൾ എന്നിവ പൂർത്തിയായിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത പദ്ധതി പ്രദേശത്തെ വിദ്യാഭ്യാസമേഖലയ്ക്കും യുവജനങ്ങൾക്കും തൊഴിൽ അവസരങ്ങൾക്കുമായുള്ള പ്രതീക്ഷിത നേട്ടങ്ങൾ എന്തെല്ലാമാണ്;

(ജി) രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിരിക്കുന്ന സമയക്രമം എന്താണ്? അത് കൃത്യമായി പാലിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## <u>ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കാൻ നടപടി</u>

1793 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ചോർച്ച പരിഹരിച്ച് പ്ലാനറ്റോറിയം എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്നു നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>പരപ്പനങ്ങാടി എൽ.ബി.എസ് ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി</u>

1794 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി-ക്ക് സ്ഥലവും കെട്ടിടവും നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സൂചിത പ്രവൃത്തിക്കായി 130 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്നോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഭരണാനുമതിയിൽ നിന്നും ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ലഭ്യമായ ഭരണാനുമതിയിൽ നിന്നും ഭാഗികമായി തുക അനുവദിച്ച സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിന്റെയും ബാക്കി തുകയുടെയും നിലവിലെ അവസ്ഥ എന്താണ്; അവശേഷിക്കുന്ന തുക ഇപ്പോൾ ലഭ്യമാണോ എന്ന് കൂടി വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുകയിൽ, വിനിയോഗിച്ചതിന് ശേഷമുള്ള ബാക്കി തുക എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>ടെക്നിക്കൽ വിദ്യാഭ്യാസ ഹബ്</u>

1795 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഗവൺമെന്റ് പോളിടെക്നിക് എന്നിവ കേന്ദ്രീകരിച്ച് ഒരു ടെക്നിക്കൽ വിദ്യാഭ്യാസ ഹബ് ആരംഭിക്കുന്നതിനു തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## <u>പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി</u>

1796 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ ഐ.എച്ച് .ആർ.ഡി. കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള ഡെവലപ്പർ അനുമതി വ്യവസായ വകുപ്പിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി</u>

1797 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് 75 ശതമാനമായി ഉയർത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പത്ത് ശതമാനം സീറ്റ് വർദ്ധന, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യ വർദ്ധന എന്നിവ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദ വിവരം നൽകാമോ;

(സി) ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം പി.എസ്.സി. മുഖേനയാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ട്രൈബൽ യൂണിവേഴ്സിറ്റിയിലെ അധ്യാപക നിയമനം

1798 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ട്രൈബൽ യൂണിവേഴ്സിറ്റിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ട്രൈബൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

(സി) ട്രൈബൽ യൂണിവേഴ്സിറ്റിയിലെ അധ്യാപക നിയമനത്തിന്റെ നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) ട്രൈബൽ യൂണിവേഴ്സിറ്റിയിൽ എത്ര അധ്യാപകരാണ് നിലവിലുള്ളത്; സ്ഥിര നിയമനം, താൽക്കാലിക നിയമനം, കരാർ നിയമനം എന്നിങ്ങനെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ

1799 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനു പകരം വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ എന്ന സ്ഥാപനത്തിനു രൂപം നൽകാൻ കേന്ദ്ര സർക്കാർ നടപടികൾ ആരംഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ സംവിധാനം ഉന്നത വിദ്യാഭ്യാസ മേഖലയെ എങ്ങനെയെല്ലാം ബാധിക്കുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഏകീകൃത അക്കാദമിക കലണ്ടർ

1800 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. എം.വിജിൻ**
**ശ്രീ. പി.പി. സുമോദ്**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത അക്കാദമിക കലണ്ടർ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവന്നത്; വ്യക്തമാക്കാമോ;

(ബി) കേരള റിസോഴ്സസ് ഫോർ എജ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ്(കെ-റീപ്പ് )-ന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഏകീകൃത അക്കാദമിക കലണ്ടറും കെ-റീപ്പും നടപ്പിലാക്കാൻ നിലവിലെ സർവ്വകലാശാല ചട്ടങ്ങളിലും ഓഫീസ് നടപടിക്രമങ്ങളിലും മാറ്റം വരുത്തേണ്ടതുണ്ടോ; എങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>സർവ്വകലാശാലാ പഠനവകുപ്പ്, സർവ്വകലാശാല നേരിട്ട് നടത്തുന്ന വിവിധ സെന്ററുകൾ എന്നിവയിലെ പ്രവേശനം</u>

1801 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25, 2025-26 അക്കാദമിക വർഷങ്ങളിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പഠന വകുപ്പുകളിലും സർവ്വകലാശാല നേരിട്ട് നടത്തുന്ന വിവിധ സെന്ററുകളിലും വിവിധ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ, ഇന്റഗ്രേറ്റഡ് പി. ജി., മറ്റ് പ്രോഗ്രാമുകൾ എന്നിവയുടെ ഒന്നാം സെമസ്റ്ററിൽ പ്രവേശനത്തിന് അപേക്ഷിച്ചവർ, പ്രവേശനം നേടിയവർ, ലഭ്യമായ ആകെ സീറ്റുകൾ, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ എന്നിവയുടെ വിശദാംശം അക്കാദമിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

## <u>പരീക്ഷാ സമ്പ്രദായത്തിന്റെ ആധുനികവൽക്കരണം</u>

1802 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലാടിസ്ഥാനത്തിൽ പരീക്ഷാ സമ്പ്രദായം ആധുനികവൽക്കരിക്കുന്നതിന് വേണ്ടി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുക സർവകലാശാലാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പരീക്ഷ ഫലം പ്രസിദ്ധീകരിച്ച ശേഷം വിദ്യാർത്ഥികൾ അവരുടെ ഉത്തര പേപ്പറുകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടാൽ അനുവദിക്കാറുണ്ടോ; ആയതിന്റെ നടപടിക്രമം വിശദമാക്കുമോ;

(സി) വിവിധ സർവ്വകലാശാലകൾ വിദ്യാർത്ഥികൾക്കനുവദിച്ച പരീക്ഷ ഉത്തര പേപ്പറുകളുടെ പകർപ്പുകൾ മാറിപ്പോയതായി പരാതികൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പരീക്ഷ, മാറിപ്പോയ ഉത്തര പേപ്പറുകളുടെ എണ്ണം, യഥാർത്ഥ ഉത്തരകടലാസിലെ മാർക്ക് വിദ്യാർത്ഥിക്ക് ലഭിക്കാൻ സ്വീകരിച്ച നടപടി എന്നിവയുൾപ്പെടെ ഉത്തര പേപ്പറുകൾ മാറിപ്പോയതായി ശ്രദ്ധയിൽപ്പെട്ട

കേസുകളുടെ വിശദാംശവും അവയിൽ സർവ്വകലാശാല സ്വീകരിച്ച നടപടികളും ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകളിൽ മൂല്യനിർണയത്തിനുശേഷം ഉത്തര പേപ്പറുകൾ സൂക്ഷിക്കാനും പുനർമൂല്യനിർണ്ണയത്തിന് ലഭ്യമാക്കാനും വേണ്ടിയുള്ള പ്രത്യേക സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ പേര്, അതിന് ചെലവാക്കിയ തുക, വാർഷിക അറ്റകുറ്റപ്പണികൾ നടത്താനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന് കരാർ പ്രകാരം നൽകിയ തുക എന്നിവയുൾപ്പെടെ വിശദാംശം സർവ്വകലാശാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഇ) കേരളത്തിലെ സർവ്വകലാശാലകൾ പരീക്ഷാ ഫലപ്രഖ്യാപനത്തിനുശേഷം ഉത്തര പേപ്പറുകൾ എത്ര കാലം സൂക്ഷിക്കുന്നുവെന്ന് അറിയിക്കാമോ; പ്രസ്തുത കാലയളവ് സംബന്ധിച്ച് സർവ്വകലാശാലകൾ ഇറക്കിയ പ്രധാനപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ?

## സർവ്വകലാശാലാ പഠനവകുപ്പുകളിലെ പ്രൊജക്ട് മോഡ് കോഴ്സുകൾ

1803 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലാ പഠന വകുപ്പുകളിൽ പ്രൊജക്ട് മോഡിലുള്ള ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്നും ഏത് വർഷം മുതലാണ് പ്രസ്തുത കോഴ്സുകൾ ആരംഭിച്ചതെന്നും വിശദമാക്കാമോ;

(ബി) ഓരോ വർഷവും പ്രസ്തുത കോഴ്സുകളിൽ ലഭ്യമായിട്ടുള്ള ആകെ സീറ്റുകൾ, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ, പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രൊജക്ട് മോഡ് കോഴ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കരാർ, താൽക്കാലിക വ്യവസ്ഥയിൽ നിയമിച്ച അധ്യാപക, അനധ്യാപക ജീവനക്കാരുടെ എണ്ണവും ഓരോ കോഴ്സിനും വേണ്ടി നിയമിച്ചവരുടെ വിശദാംശവും പ്രസ്തുത ജീവനക്കാർക്ക് നാളിതുവരെ അനുവദിച്ച വേതനം സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

(ഡി) പ്രൊജക്ട് മോഡ് കോഴ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഫീസ്, സർക്കാർ ഗ്രാന്റ് എന്നീയിനങ്ങളിൽ നാളിതുവരെ ലഭിച്ച തുകയുടെയും നാളിതുവരെ ചെലവഴിച്ച തുകയുടെയും (കരാർ, താൽകാലിക ജീവനക്കാരുടെ വേതനം, ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ, ഫർണിച്ചറുകൾ തുടങ്ങിയവയുടെ വാങ്ങൽ, മറ്റ് ചെലവുകൾ എന്നിവ പ്രത്യേകമായി) വിശദാംശം ലഭ്യമാക്കാമോ?

## സർവ്വകലാശാലകളിലെ ഗവേഷണ പഠനം

1804 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ പദ്ധതി അടങ്കൽ ഗണ്യമായി ഉയർത്തും എന്ന വാഗ്ദാനം പാലിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ പഠനങ്ങൾ അടുത്ത് മനസ്സിലാക്കാനും പ്രധാന വിദേശ ഭാഷകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ ചെയ്യുന്നതിന് വിദ്യാർത്ഥികളെ സജ്ജമാക്കുവാനും സർവ്വകലാശാലകളിൽ സംവിധാനം ഒരുക്കാൻ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കേരളത്തിലെ സർവ്വകലാശാലകൾക്ക് വിദേശ സർവ്വകലാശാലകളിലെ ഗവേഷണ കേന്ദ്രങ്ങളുമായുള്ള സമ്പർക്കവും അക്കാദമിക് സഹകരണങ്ങളും പ്രോത്സാഹിപ്പിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## എം.എ./എം.എസ്.സി. സൈക്കോളജി ഇക്വലൻസി സർട്ടിഫിക്കറ്റ്

1805 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ യൂണിവേഴ്സിറ്റിയ്ക്ക് കീഴിൽ എം.എസ്.സി. ക്ലിനിക്കൽ&കൗൺസലിംഗ് സൈക്കോളജി കോഴ്സ് പഠിച്ച വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികൾ എം.എ./എം.എസ്.സി. സൈക്കോളജി ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഡിഗ്രി കോഴ്സുകളിൽ സൈക്കോളജി വിഷയങ്ങൾ പഠിക്കാതെ എം.എസ്.സി. ക്ലിനിക്കൽ & കൗൺസലിംഗ് സൈക്കോളജി വിഷയങ്ങൾ പഠിച്ച വിദ്യാർത്ഥികൾക്ക് എം.എസ്.സി. സൈക്കോളജി ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുക്കാത്തതെന്ന് വിശദമാക്കാമോ;

(സി) ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം മതി എന്ന നോട്ടിഫിക്കേഷൻ വ്യവസ്ഥ പ്രകാരം എം.എസ്.സി. ക്ലിനിക്കൽ & കൗൺസലിംഗ് സൈക്കോളജി കോഴ്സ് പഠിച്ച് പാസ്സായ വിദ്യർത്ഥികൾക്ക് എം.എസ്.സി./എം.എ. സൈക്കോളജി ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) മേൽപ്പറഞ്ഞ രീതിയിൽ കോഴ്സ് പൂർത്തിയാക്കി സെറ്റ് നേടിയ വിദ്യാർത്ഥികൾക്ക് ഇക്വലൻസി ഇല്ലാത്തതിനാൽ സെറ്റിന്റെ സർട്ടിഫിക്കറ്റ് എൽ.ബി.എസ്. നൽകുന്നില്ല എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് സെറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) മേൽപ്പറഞ്ഞ വിഷയങ്ങൾ തുല്യമാണെന്ന് കാണിക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഗവൺമെന്റ് ഓർഡർ, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഇക്വലൻസി സർട്ടിഫിക്കറ്റ്, കേരള യൂണിവേഴ്സിറ്റിയുടെ റെക്കഗ്നിഷൻ സർട്ടിഫിക്കറ്റ് എന്നിവ വച്ച് ഇത്തരത്തിൽ ഇക്വലൻസി ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് സെറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## തിരൂർ മലയാള സർവ്വകലാശാലയിലെ നിയമനങ്ങൾ

1806 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**

**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മലയാള സർവ്വകലാശാലയിലെ നിയമനങ്ങൾ എപ്രകാരമാണ് നടത്തുന്നത്; പ്രസ്തുത നിയമനങ്ങളിൽ സംവരണ വ്യവസ്ഥ പാലിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര പേരെ സ്ഥിരപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## യൂണിവേഴ്സിറ്റികളിൽ തസ്തിക മാറ്റം വഴിയുള്ള നിയമനം

1807 **ശ്രീ വി ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ യൂണിവേഴ്സിറ്റികളിലാണ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നാല് വർഷം പൂർത്തിയായവരിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നത്; വിശദമാക്കാമോ;

(ബി) യൂണിവേഴ്സിറ്റികളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള പൊതുമാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർ അസിസ്റ്റന്റമാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിന് ബാധകമായ ഉത്തരവ്/സ്പെഷ്യൽ റൂൾസ് യൂണിവേഴ്സിറ്റികൾക്കും ബാധമാക്കി ഉത്തരവ് നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## സർവകലാശാലകളിലെ പി.എസ്.സി. നിയമനം

1808 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ ഈ സർക്കാരിന്റെ കാലത്ത് വിവിധ തസ്തികകളിൽ പി.എസ്.സി. മുഖേന നടത്തിയ നിയമനങ്ങളുടെ തസ്തിക തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) സർവകലാശാലകളിൽ നിലവിലുള്ള വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സർവ്വകലാശാല കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 നിയമനം

1809 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2, കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 1, കംപ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, കംപ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്, ഓഫീസ് സൂപ്രണ്ട്

എന്നീ തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് നൽകിയ സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകളിൽ അനുവദനീയമായ എത്ര തസ്തികകൾ വീതമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര തസ്തികകളിൽ നിലവിൽ ആളുകൾ ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ഓരോ സർവ്വകലാശാലകളിലും എത്ര വീതം ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിലവിലുള്ളതെന്ന് അറിയിക്കാമോ;

(സി) വിവിധ സർവ്വകലാശാലകളിലെ കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിലവിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) വിവിധ സർവ്വകലാശാലകളിലെ കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം

1810 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ഫലപ്രദമായ പ്രവർത്തനത്തിനും വികസനത്തിനും സഹായകരമായി നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## അണ്ണാമലൈ യൂണിവേഴ്സിറ്റി ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സുകളുടെ അംഗീകാരം

1811 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ണാമലൈ യൂണിവേഴ്സിറ്റി ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മുഖേന നടത്തുന്ന എം. എ. ഇക്കണോമിക്സ് കോഴ്സിന് സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകളുടെ അംഗീകാരം നിലവിലുണ്ടോ; എങ്കിൽ സർവ്വകലാശാല തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കോഴ്സിന് മുൻകാലങ്ങളിൽ സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയുടെ അംഗീകാരം ഉണ്ടായിരുന്നോ; എങ്കിൽ സർവ്വകലാശാല തിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) മേൽപ്പറഞ്ഞ കോഴ്സിന്റെ അംഗീകാരം സംസ്ഥാനത്തെ സർവ്വകലാശാലകൾ പിൻവലിച്ചിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കോഴ്സിന്റെ അംഗീകാരം പുനസ്ഥാപിക്കുന്നതിനായി സർവ്വകലാശാലകളിൽ നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) അണ്ണാമലൈ സർവകലാശാലയുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സുകളിൽ ഏതെല്ലാം കോഴ്സുകൾക്കാണ് സംസ്ഥാനത്ത് നിലവിൽ അംഗീകാരമുള്ളത്; സർവ്വകലാശാലകൾ തിരിച്ച് വിശദമാക്കാമോ?

## <u>വ്യാജ സർട്ടിഫിക്കറ്റുകൾ തടയാനുള്ള സംവിധാനങ്ങൾ</u>

1812 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും വ്യാജമായി നിർമ്മിച്ചതുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) 01.06.2021 മുതൽ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ്, ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്, ജെനുവിനസ് വേരിഫിക്കേഷൻ എന്നിവയ്ക്കായി സമർപ്പിച്ച അപേക്ഷകളോടൊപ്പം വ്യാജ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മാർക്ക് ലിസ്റ്റ് ഹാജരാക്കിയതായ എത്ര കേസുകൾ സർവ്വകലാശാലകളുടെ പരീക്ഷാഭവനിലെ ഓരോ ബ്രാഞ്ചിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ബ്രാഞ്ചുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) വ്യാജ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും സമർപ്പിച്ചിട്ടുള്ള ഓരോ അപേക്ഷയിലും ബന്ധപ്പെട്ട സർവ്വകലാശാലകൾ നാളിതുവരെ സ്വീകരിച്ച നിയമനടപടികൾ ഉൾപ്പെടെയുള്ള നടപടികളുടെ വിശദാംശം ഓരോ കേസും പ്രത്യേകമായി രേഖകളുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ;

(ഡി) മേൽപ്രകാരം സമർപ്പിച്ച അപേക്ഷകളിൽ ഓൺലൈനായും മാനുവലായും ലഭിച്ചവയുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(ഇ) വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളോടൊപ്പം മേൽ കാലയളവിൽ വ്യാജരേഖകൾ ഹാജരാക്കിയവർക്കെതിരെ കേസെടുക്കുന്നതിന് സർവകലാശാലകൾ പോലീസിൽ നൽകിയ പരാതികളുടെ എണ്ണം, പരാതികളുടെ പകർപ്പുകൾ, എത്ര പരാതികളിൽ നാളിതുവരെ എഫ്. ഐ. ആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്, എഫ്. ഐ. ആർ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അതിന് പോലീസ് അറിയിച്ച കാരണങ്ങൾ തുടങ്ങിയ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) സർവ്വകലാശാലകൾ രജിസ്റ്റർ ചെയ്ത ഏതൊക്കെ ഇ-മെയിൽ ഐ.ഡികളിൽ നിന്നാണ് നിലവിൽ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും സംബന്ധിച്ച ഓൺലൈൻ അപേക്ഷകൾക്ക് മറുപടി നൽകി വരുന്നത്; ഏതെങ്കിലും സർവകലാശാലയുടെ പേരിൽ വ്യാജ ഇ-മെയിൽ സൃഷ്ടിച്ച് സർട്ടിഫിക്കറ്റിന്റെ ആധികാരികത വ്യാജമായി തയാറാക്കി വേരിഫിക്കേഷന് അപേക്ഷിച്ച സ്ഥാപനങ്ങൾക്ക് മറുപടി നൽകിയ സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സർവ്വകലാശാലകൾ സ്വീകരിച്ച നിയമനടപടികളും തുടർനടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>മടപ്പള്ളി ഗവൺമെന്റ് കോളേജിൽ മലയാളം ഭാഷാ വിഭാഗം</u>

1813 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മേഖലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ മടപ്പള്ളി ഗവൺമെന്റ് കോളേജിൽ മലയാളം വിഭാഗം ആരംഭിക്കണമെന്ന ഭാഷാ സ്നേഹികളായ പ്രദേശവാസികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഭാഗം ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ;

(ബി) പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## കാലിക്കറ്റ് സർവ്വകലാശാലയിലെ കെ-റീപ്പ് സംവിധാനം

1814 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ കേരള റിസോഴ്സസ് ഫോർ എജ്യുക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ് സംവിധാനം ഉപയോഗപ്പെടുത്തി ഇതുവരെ നടത്തിയ മുഴുവൻ പരീക്ഷകളുടെയും സമഗ്രമായ വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ-റീപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി സർവ്വകലാശാലയ്ക്ക് സേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ പേര് ലഭ്യമാക്കാമോ; പരീക്ഷ ഭവനിലെ ജീവനക്കാർ കെ-റീപ്പിലെ സേവനങ്ങൾക്കും സംശയനിവാരണത്തിനുമായി ബന്ധപ്പെടേണ്ട വ്യക്തികൾ, അവരുടെ മാതൃകമ്പനി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കെ-റീപ്പ് സംവിധാനത്തിലൂടെ ഇതുവരെ നടത്തിയ വിവിധ പരീക്ഷകളുടെ തീയതികൾ, പരീക്ഷാ ഫലപ്രഖ്യാപനത്തിനായി എടുത്ത സമയ ദൈർഘ്യം, വിദ്യാർത്ഥികൾക്ക് മാർക്ക് ലിസ്റ്റുകൾ വിതരണം ചെയ്യാൻ എടുത്ത സമയ ദൈർഘ്യം എന്നിവ വിശദമാക്കാമോ;

(ഡി) കെ-റീപ്പ് സേവനത്തിന് പ്രതിഫലമായി സർവ്വകലാശാല ഏതെങ്കിലും കമ്പനികൾക്ക് ഫീസിനത്തിൽ തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) 2025 നവംബറിൽ നടന്ന സർവ്വകലാശാലാ പഠനവകുപ്പുകളിലെ ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷയിൽ പരീക്ഷ രജിസ്ട്രേഷൻ, ഹാൾടിക്കറ്റ് എന്നിവ ഇല്ലാതെ പരീക്ഷ നടത്താൻ നിർദ്ദേശിക്കുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് കാരണമായ സാഹചര്യം എന്താണെന്നും ഇത് നടപ്പിലാക്കാൻ ആവശ്യമുന്നയിച്ചത് ആരാണെന്നും വ്യക്തമാക്കാമോ?

## കാലിക്കറ്റ് സർവ്വകലാശാലയിലെ സെന്റർ ഫോർ എക്സാമിനേഷൻ ഓട്ടോമേഷൻ ആൻഡ് മാനേജ്മെന്റ് സംവിധാനം

1815 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ സെന്റർ ഫോർ എക്സാമിനേഷൻ ഓട്ടോമേഷൻ ആൻഡ് മാനേജ്മെന്റ് അഥവാ എ.എസ്.ആർ.എസ്. സംവിധാനത്തിന്റെ ഭാഗമായി ബന്ധപ്പെട്ട കെട്ടിടം, മെഷിനറികൾ, മറ്റുസൗകര്യങ്ങൾ എന്നിവയ്ക്കോരോന്നിനും നാളിതുവരെ ആകെ ചെലവഴിച്ച തുകയുടെ വിശദാംശവും പദ്ധതിയുടെ ഡി.പി.ആർ.ന്റെ പകർപ്പും ലഭ്യമാക്കാമോ;

(ബി) സി.ഇ.എ.എം.ന്റെ ഭാഗമായുള്ള കെട്ടിടത്തിൽ എത്ര ഉത്തരപേപ്പറുകൾ സൂക്ഷിക്കുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടായിരുന്നുവെന്നും എന്നുമുതലുള്ള സർവ്വകലാശാല പരീക്ഷകളുടെ ഉത്തരപേപ്പറുകളാണ് സി.ഇ.എ.എം.ൽ സ്റ്റോക്ക് ചെയ്യാനാരംഭിച്ചതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനം ആരംഭിച്ചതുമുതൽ അവിടെ സൂക്ഷിച്ച വിവിധ പരീക്ഷ ഉത്തരപേപ്പറുകളുടെ ആകെ എണ്ണം, നിലവിൽ സി.ഇ.എ.എം.ൽ സ്റ്റോക്കിലുള്ള ഉത്തരപേപ്പറുകളുടെ ആകെ എണ്ണം എന്നിവ ലഭ്യമാക്കാമോ;

(ഡി) സി.ഇ.എ.എം.ന്റെ ഭാഗമായിട്ടുള്ള എ.എസ്.ആർ.എസ്. യൂണിറ്റുകൾ എവിടെ നിന്നാണ് വാങ്ങിയതെന്നും ആയതുമായി ബന്ധപ്പെട്ട് സർവ്വകലാശാല നിർദ്ദിഷ്ട കമ്പനിയുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ഇൻസ്റ്റലേഷൻ, സർവീസ്, മെയിന്റനൻസ്, വാറന്റി എന്നിവയുടെ നിബന്ധനകൾ ഉൾപ്പെട്ട പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) നിർദ്ദിഷ്ട കമ്പനി എ.എസ്.ആർ.എസ്. യൂണിറ്റുകളുടെ സർവീസ്, വാറന്റി എന്നിവയിലെ മുഴുവൻ നിബന്ധനകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉത്തരവാദപ്പെട്ടത് സർവ്വകലാശാലയിലെ ഏതുവിഭാഗത്തിലെ ഉദ്യോഗസ്ഥരാണെന്ന് അറിയിക്കുമോ; എ.എസ്.ആർ.എസ്. സ്ഥാപിച്ചത് മുതൽ ഇതുവരെ നടത്തിയ അറ്റകുറ്റപ്പണികൾ സംബന്ധിച്ച ലോഗ് ബുക്കിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) എ.എസ്.ആർ.എസ്. യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തകരാറുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എ.എസ്.ആർ.എസ്.ന്റെ തകരാറുകൾ സംബന്ധിച്ച് ബന്ധപ്പെട്ട വിഭാഗത്തിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; പരാതികളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ജി) സി.ഇ.എ.എം. സംവിധാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ അവിടെ ജോലിചെയ്തുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

## പേരാമ്പ്ര വില്ലേജിൽ കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം

1816 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിൽ കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) കെട്ടിടം പണിയുന്നതിനായി വിശദമായ പദ്ധതി അടങ്കൽ സർവകലാശാല തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പുതിയ കെട്ടിടത്തിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളും ആയതിനായി എത്ര തുകയ്ക്കുള്ള എസ്റ്റിമേറ്റിനാണ് സർവകലാശാല അംഗീകാരം നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ഡി) കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

## കാലിക്കറ്റ് സർവ്വകലാശാലാ പരീക്ഷയിലെ ചോദ്യപേപ്പർ ചോർച്ച

1817 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ ആർക്കിടെക്ചർ ആന്റ് പ്രോഗ്രാമിംഗ് എന്ന കോഴ്സിന്റെ 11.06.2025 തീയതിയിൽ നടന്ന നാലാം സെമസ്റ്റർ ബിരുദ പരീക്ഷ (എ 14 – മൈക്രോപ്രോസസേഴ്സ്) റദ്ദാക്കേണ്ടി വന്നതിന്റെ കാരണം വിശദമാക്കാമോ ;

(ബി) സർവ്വകലാശാലയിൽ നിന്നും ഓൺലൈനായി ലഭ്യമാക്കിയ പ്രസ്തുത പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നിട്ടുണ്ടോ; ഏത് കോളേജിലെ അധ്യാപകരുടെ ഭാഗത്ത് നിന്നുളള വീഴ്ചയുടെ ഭാഗമായിട്ടാണ് ചോദ്യപേപ്പർ ചോർന്നതെന്ന് വ്യക്തമാക്കാമോ;

(സി) പരീക്ഷ ആരംഭിക്കുന്നതിന് മുൻപ് പ്രസ്തുത പരീക്ഷയുടെ ചോദ്യപേപ്പർ വാട്സ്ആപ് ഗ്രൂപ്പ് വഴി പ്രചരിപ്പിച്ചവർക്കെതിരെ സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിഷയം പരിഗണിച്ച സിൻഡിക്കേറ്റിന്റെ പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ്, പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ യോഗത്തിലെ തീരുമാനങ്ങളടങ്ങിയ മിനട്സിന്റെ പകർപ്പ് എന്നിവയും ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത വിഷയത്തിൽ കുറ്റക്കാരായ അധ്യാപകർക്കെതിരെ സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത വിഷയത്തിൽ സർവ്വകലാശാല പോലീസിൽ പരാതി സമർപ്പിച്ചിരുന്നോ; പരാതിയിലെ തുടർനടപടികൾ വിശദമാക്കാമോ?റ?

## നീറ്റ്, കീം, പ്രവേശന പരീക്ഷകൾ

1818 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നീറ്റ്, കീം പ്രവേശന പരീക്ഷകളിലെ നോർമലൈസേഷൻ പ്രക്രിയ കാരണം പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ പിന്തള്ളപ്പെടുന്ന അവസ്ഥ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ സി.ബി.എസ്.ഇ. സിലബസിൽ പഠിച്ചവർ കോടതി വിധിയാൽ മറികടന്ന സാഹചര്യത്തിൽ വരും വർഷങ്ങളിൽ ഇത് മറികടക്കാൻ എന്തെല്ലാം ബദൽ സംവിധാനങ്ങളാണ് ആവിഷ്കരിക്കുന്നത്; വ്യക്തമാക്കാമോ ?

## എഞ്ചിനീയറിഗ്, ഫാർമസി പ്രവേശന പരീക്ഷയുടെ റാങ്ക് പട്ടിക

1819 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകൾ ഉൾപ്പെടുന്ന പ്രവേശന പരീക്ഷയുടെ റാങ്ക് പട്ടിക തയ്യാറാക്കുന്നതിലെ സമീകരണ പ്രക്രിയയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) സ്കോർ സമീകരണം നടത്തുന്നതിലെ മാനദണ്ഡം വിശദമാക്കാമോ;

(സി) പല ദിവസങ്ങളിൽ വിവിധ സെഷനുകളിലായി വ്യത്യസ്ത ചോദ്യപേപ്പർ നൽകി നടത്തുന്നതിലൂടെ പരീക്ഷാർത്ഥികൾക്ക് അന്യായമായ നേട്ടമോ നഷ്ടമോ ഉണ്ടാകാത്ത രീതിയിൽ സമീകരണം ഉറപ്പാക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വ്യക്തമാക്കാമോ?

**കീമിന്റെ അപേക്ഷ ഫീസ് വർദ്ധിപ്പിച്ച നടപടി**

1820 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയായ കീമിന്റെ അപേക്ഷ ഫീസ് വർദ്ധിപ്പിച്ച നടപടി വിദ്യാർത്ഥികൾക്ക് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കീമിന്റെ നിലവിലുണ്ടായിരുന്ന ഫീസും വർദ്ധിപ്പിച്ച ഫീസും എത്ര വീതം ആണെന്ന് വ്യക്തമാക്കുമോ; എഞ്ചിനീയറിങ് - മെഡിക്കൽ സ്ട്രീമുകളിലേക്ക് ഒരുമിച്ച് അപേക്ഷിക്കുന്നവർക്ക് ഫീസ് നിരക്ക് കുറച്ചുനൽകിയ കോമ്പോ പാക്കേജ് നിർത്തലാക്കിയിട്ടുണ്ടോ; കോമ്പോ പാക്കേജ് പ്രകാരം നൽകേണ്ടിയിരുന്ന അപേക്ഷാ ഫീസ് എത്രയാണ്; നിലവിൽ എത്രയായിട്ടാണ് മാറ്റിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഉയർന്ന ഫീസ് നിരക്ക് പിൻവലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കുട്ടനാട്ടിൽ എൻ.സി.സി ട്രെയിനിങ് സെന്റർ നിർമ്മാണം ആരംഭിക്കാൻ നടപടി**

1821 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിർദ്ദേശിച്ചിട്ടുള്ള എൻ.സി.സി. ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം ആരംഭിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ആലപ്പുഴ മണ്ഡലത്തിൽ അസാപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

1822 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്) മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദവിവരം ലഭ്യമാക്കാമോ?

**പിറവം മണ്ഡലത്തിലെ അസാപ് പ്രവർത്തനങ്ങൾ**

1823 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ നിലവിലെ പ്രവർത്തന പുരോഗതി സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി പിറവം മണ്ഡലത്തിൽ അസാപ് കേരള നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; അതിൽ ചെലവാക്കിയ തുക എത്രയെന്ന് വർഷം, മണ്ഡലം എന്നിവ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## അഴീക്കോട് മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ ആനുകൂല്യങ്ങൾ

1824 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ 2021-26 കാലത്ത് സാമൂഹ്യനീതി വകുപ്പ് മുഖേന ലഭിച്ച ആനുകൂല്യങ്ങളുടെ വിശദാംശം നൽകാമോ; പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രസ്തുത വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കാമോ?

## ഭിന്നശേഷിക്കാരുടെ സംവരണ ടേണുകൾ

1825 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് പി. എസ്. സി. നിയമനങ്ങളിൽ എത്ര ശതമാനം സംവരണമാണുള്ളതെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പി. എസ്. സി. നിയമനത്തിന് ഭിന്നശേഷിക്കാരുടെ ടേൺ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ടേണുകളാണ് ഭിന്നശേഷിക്കാർക്കായി മാറ്റി വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ആയത് നിലവിൽ ഏതെങ്കിലും സംവരണ വിഭാഗങ്ങളുടെ ടേൺ ആണോയെന്ന് വ്യക്തമാക്കുമോ;

(സി) മറ്റൊരു സമുദായത്തിന്റെ സംവരണ ടേൺ ഭിന്നശേഷിക്കാർക്ക് നൽകുമ്പോൾ പ്രസ്തുത സമുദായത്തിന്റെ അവസരം കുറയുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## സാമൂഹ്യനീതി വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ

1826 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാമൂഹ്യനീതി വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിച്ച തുക എത്രയാണെന്ന് പദ്ധതി തിരിച്ച്

വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

**സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ**

1827 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**പാറശ്ശാല മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

1828 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സാമൂഹ്യനീതി വകുപ്പ് മുഖേന പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്, ഇവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും നീക്കിവെച്ച തുക, പൂർത്തിയാകാത്ത പദ്ധതികൾ, പൂർത്തിയാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) ഈ കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക, വർഷവും ഇനവും/പദ്ധതിയും തിരിച്ച് ലഭ്യമാക്കാമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സാമൂഹ്യ നീതി വകുപ്പ് പദ്ധതികൾ**

1829 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

1830 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം സാമൂഹികനീതി വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

**<u>സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ</u>**

1831 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികൾ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയിലും നിലവിൽ എത്ര തുക കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്;

(സി) നിലവിൽ ഓരോ പദ്ധതിയുടെയും ഗുണഭോക്താകളുടെ എണ്ണം എത്രയാണ്; ഓരോന്നിലും അവസാനമായി ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയത് എന്നാണ്; വിശദമാക്കാമോ?

**<u>വയോമിത്രം പദ്ധതി</u>**

1832 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 65 വയസ്സിനു മുകളിലുള്ളവർക്ക് ക്ലിനിക്കൽ സൗകര്യവും മരുന്നും സൗജന്യമായി നൽകുന്ന വയോമിത്രം പദ്ധതിയുടെ പ്രായപരിധി കുറയ്ക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വയോജനങ്ങളുടെ നിരാലംബതയും നിസ്സഹായതയും കണക്കിലെടുത്ത്, അവർക്കായി അടിയന്തര ചികിത്സാ പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) മുതിർന്ന പൗരന്മാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ</u>**

1833 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സാമൂഹ്യനീതി വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

**<u>സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം നടപ്പിലാക്കിക്കൊണ്ടിരുന്ന പദ്ധതികൾ</u>**

1834 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതി പ്രകാരവും എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കാമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**

1835 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ സാമൂഹ്യ നീതി വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u>**

1836 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിവിധ ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>കോക്ലിയാർ ഇംപ്ലാന്റേഷൻ ചികിത്സ ധനസഹായം</u>**

1837 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന 2021 മുതൽ നാളിതുവരെയായി സാമൂഹ്യനീതി വകുപ്പ് വഴി കോക്ലിയാർ ഇംപ്ലാന്റേഷൻ ചികിത്സക്കായി എത്ര രൂപ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അതിന്റെ ഗുണം ലഭ്യമായിട്ടുണ്ടെന്നും അറിയിക്കാമോ?

**<u>ആശ്വാസകിരണം പദ്ധതി</u>**

1838 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരികവും മാനസികവുമായ വൈകല്യമുള്ള കിടപ്പുരോഗികളെ പരിചരിക്കുന്ന കുടുംബാംഗങ്ങളോ ബന്ധുക്കളോ ആയവർക്ക് ധനസഹായം നൽകിവരുന്ന ആശ്വാസകിരണം പദ്ധതിയിൽ, 2018 മാർച്ച് 31-ന ശേഷം അപേക്ഷ നൽകിയവരെ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിൽ പുതിയ ഗുണഭോക്താക്കളെ ചേർക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2018 മാർച്ച് 31-ന ശേഷം അപേക്ഷ സമർപ്പിച്ച മുഴുവൻ ആളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ആലപ്പുഴ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നൽകിയ ധനസഹായം</u>

1839 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളിലൂടെ നൽകിയ ധനസഹായ വിതരണം സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ?

## <u>വയോജന സംരക്ഷണ പദ്ധതികൾ</u>

1840 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി നടത്തിവരുന്ന വിവിധ പദ്ധതികൾ വിശദമാക്കാമോ;

(ബി) ഭാവിയിൽ വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി കൂടുതൽ പദ്ധതികൾ ആവശ്യമായി വരുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

## <u>കോട്ടയം മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>

1841 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായ പദ്ധതികൾ ഏതൊക്കെയെന്നും ഇനി പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) അവയിൽ പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

## <u>ഭിന്നശേഷിക്കാർക്ക് അവകാശപ്പെട്ട അധിക ആനുകൂല്യം</u>

1842 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭിന്നശേഷി അവകാശ നിയമപ്രകാരം ഭിന്നശേഷിക്കാർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ നൽകേണ്ട 25% അധിക ആനുകൂല്യം സംസ്ഥാനത്ത് പാലിക്കപ്പെടുന്നില്ല എന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ തുകയിൽ ഉൾപ്പെടെ മേൽപ്പറഞ്ഞ കേന്ദ്ര നിയമത്തിന് അനുസൃതമായി ഭിന്നശേഷിക്കാർക്ക് അവകാശപ്പെട്ട അധിക ആനുകൂല്യം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഭിന്നശേഷിക്കാരുടെ പെൻഷൻ

1843 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ചിരിക്കുന്നതിനാൽ ഭാഗിക വരുമാനം ഉള്ള ഭിന്നശേഷിക്കാർക്ക് പെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ്, മരുന്ന് ചെലവ്, ചികിത്സാ ചെലവ് എന്നിവ കണക്കിലെടുത്ത് വരുമാന പരിധി പുനഃപരിശോധിക്കേണ്ടതുണ്ടെന്ന ആവശ്യം വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ ചെറിയ വരുമാനം കൂടി കണക്കിലെടുത്ത് ഭിന്നശേഷിക്കാരെ പെൻഷൻ അർഹതയിൽ നിന്ന് ഒഴിവാക്കുന്നത് സാമൂഹ്യനീതിയ്ക്ക് വിരുദ്ധമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വാർഷിക വരുമാന പരിധി വർദ്ധിപ്പിക്കുന്നതിനോ അല്ലെങ്കിൽ ഭിന്നശേഷിയുടെ ശതമാനത്തെ അടിസ്ഥാനമാക്കി പെൻഷൻ അർഹത പുനർനിർവചിക്കുകയോ ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം

1844 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പിന് കീഴിൽ അനുവദിച്ച വിവിധ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങളും അവയുടെ ഭരണാനുമതി തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ?

## ഇതര സംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ പദ്ധതി

1845 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കാൻ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ഭിന്നശേഷി സർട്ടിഫിക്കറ്റ് പരിശോധന

1846 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഏതെല്ലാം തരത്തിലുള്ള പരിശോധനകളാണ് നിലവിൽ നടത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) കാഴ്ച പരിമിതി, കേൾവി പരിമിതി എന്നിവ മനസ്സിലാക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(സി) അനർഹർ വ്യാപകമായി ഭിന്നശേഷി സർട്ടിഫിക്കറ്റ് നേടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആവശ്യമായ ചികിത്സ നൽകിയാൽ മാറ്റിയെടുക്കാവുന്ന പരിമിതികൾക്ക് പെർമനന്റ് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാരണങ്ങൾ എന്താണ്; വിശദമാക്കുമോ;

(ഇ) എയ്ഡഡ് സ്കൂൾ അടക്കമുള്ള ജോലികളിൽ മേൽപ്പറഞ്ഞ രൂപത്തിൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് അനർഹർ കയറിക്കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) അനർഹരെ ഒഴിവാക്കുന്നതിന് വേണ്ടി എയ്ഡഡ് സ്കൂളുകൾ, മറ്റു സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽ ഭിന്നശേഷി സംവരണ തസ്തികകളിലേത് നിയമിക്കപ്പെടുന്നവരുടെ പരിമിതികൾ കൃത്യമായി മനസ്സിലാക്കുന്നതിന് കർശനമായ മെഡിക്കൽ പരിശോധനകൾ വീണ്ടും നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ജി) മുമ്പ് പെർമനന്റ് ഡിസബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയവർക്ക് യു. ഡി. ഐ. ഡി. (യുണീക്ക് ഡിസബിലിറ്റി ഐഡെന്റിറ്റി കാർഡ്) കാർഡുകൾ നൽകുമ്പോൾ മെഡിക്കൽ പരിശോധന നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## കായംകുളം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

1847 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക നീതി വകുപ്പുവഴി കായംകുളം മണ്ഡലത്തിൽ 2016 മുതൽ 2026 ജനവരി 15 വരെ അനുവദിച്ചിട്ടുള്ള പദ്ധതികളുടെയും അവയ്ക്കായി അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ?

## ഗതാഗത വകുപ്പ് മുഖേന പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

1848 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഗതാഗത വകുപ്പ് (കെ. എസ്. ആർ. ടി. സി. ഉൾപ്പെടെ) മുഖേന പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇക്കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ ഗതാഗത വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടും നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും (ബസ് സ്റ്റേഷൻ നവീകരണം, പുതിയ ഡിപ്പോകൾ, ഗതാഗത പരിഷ്കാരങ്ങൾ തുടങ്ങിയവ) ഏതെല്ലാമാണ്; ഇവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും നീക്കിവച്ചിട്ടുള്ള തുക എത്ര വീതമാണ്; വൈകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ഡി) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട കെ. എസ്. ആർ. ടി. സി. ഗ്യാരേജിന്റെ ആധുനികവൽക്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ ഗതാഗത വകുപ്പ് പദ്ധതികൾ</u>

1849 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അതിനായി ചെലവഴിച്ച തുകകൾ എത്രയെന്നും വിശദമാക്കാമോ?

## <u>കെ. എസ്. ആർ. ടി. സി. ബസ്സുകളിലെ സുരക്ഷിത യാത്ര</u>

1850 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര കെ. എസ്. ആർ. ടി. സി. ബസുകൾ സർവീസ്സിനിടെ തീപിടിച്ചിട്ടുണ്ട്; എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്; ജീവനക്കാർക്കും യാത്രക്കാർക്കും അപകടം സംഭവിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ബസുകളുടെ കാലപ്പഴക്കം, ഇലക്ട്രിക്കൽ തകരാറുകൾ, കൃത്യമായ പരിപാലനത്തിന്റെ അഭാവം എന്നിവ മൂലം ജീവനക്കാരുടെയും യാത്രക്കാരുടെയും സുരക്ഷ അപകടത്തിലാകുന്ന ഗുരുതര സാഹചര്യം ഒഴിവാക്കുന്നതിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>വടക്കാഞ്ചേരി വാഹന അപകടത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം</u>

1851 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ വടക്കാഞ്ചേരിയിൽ ഉണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും അപകടത്തിൽ പരിക്കേറ്റവർക്കും സർക്കാർ നൽകാൻ തീരുമാനിച്ചിരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അപകടത്തിൽ കെ.എസ്.ആർ.ടി.സി. ബസിൽ സഞ്ചരിച്ചിരുന്ന യാത്രക്കാർക്ക് ലഭിക്കേണ്ട പത്ത് ലക്ഷം രൂപ ഇൻഷുറൻസ് തുക ഏതെല്ലാം വ്യക്തികൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിലവിൽ നഷ്ടപരിഹാര തുക നൽകിയ വ്യക്തികളുടെ പേര്, അനുവദിച്ച തുക, വിലാസം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇനിയും എത്ര വ്യക്തികൾക്കാണ് നഷ്ടപരിഹാര തുക നൽകാനുള്ളതെന്ന് അറിയിക്കാമോ?

## റോഡ് സേഫ്റ്റി അതോറിറ്റി മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

1852 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സേഫ്റ്റി അതോറിറ്റി മുഖേന ആലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സേഫ്റ്റി അതോറിറ്റിയുടെ ആലപ്പുഴ ജില്ലാ സമിതികൾ നടത്തിയ മീറ്റിംഗുകളുടെ മിനിട്ട്സ് ലഭ്യമാക്കാമോ?

## സ്വകാര്യ ബസ്സുകളുടെ നിയമലംഘനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ

1853 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകളുടെ നിയമലംഘനങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പൊതുഗതാഗത സൗകര്യം കൂടുതൽ കാര്യക്ഷമമാക്കി സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സ്വകാര്യ ബസ്സുകളിലെ യാത്ര സുരക്ഷിതമാക്കുന്നതിനും മത്സരയോട്ടം നിയന്ത്രിക്കുന്നതിനും ജിയോ ഫെൻസിങ് സൗകര്യം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ഗതാഗത നിയമങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും സ്വകാര്യ ബസ്സിലെ ജീവനക്കാർക്ക് അവബോധം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## കാസർ ഗോഡ് ജില്ലയിലെ കെ. എസ്. ആർ. ടി. സി. ബസ് സർവീസ്

1854 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ മലയോര മേഖലയിലേയ്ക്ക് പയ്യന്നൂർ കെ. എസ്. ആർ. ടി. സി ഡിപ്പോയിൽ നിന്ന് ബസ് സർവീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലകളെ കണക്ക് ചെയ്ത് കെ.എസ്.ആർ.ടി.സി യുടെ ചെറിയ ബസുകൾ സർവീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

## ബജറ്റ് സൗഹൃദ ടൂർ പാക്കേജുകൾ

1855 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളോ യാത്രക്കാർ, കുടുംബങ്ങൾ, ഗ്രൂപ്പുകൾ എന്നിങ്ങനെ പ്രത്യേകമായ ബജറ്റ് സൗഹൃദ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ഭാരത് ടൂറിസം കോർപ്പറേഷനുമായി ചേർന്ന് ബസ്-ബോട്ട് ടൂർ പാക്കേജ് ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) ബജറ്റ് ടൂർ പദ്ധതി കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ വർധനവ് ഉണ്ടാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ നടപടി</u>

1856 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ടിക്കറ്റിതര സ്രോതസ്സുകളിലൂടെ കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിന്റെ എത്ര ശതമാനം ലഭിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## <u>കെ. എസ്. ആർ. ടി. സി. യുടെ പുതിയ ബസുകളുടെ എണ്ണം</u>

1857 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ. എസ്. ആർ. ടി. സി. യ്ക്കായി എത്ര പുതിയ ബസുകൾ വാങ്ങി സർവീസ് ആരംഭിച്ചിട്ടുണ്ടെന്നും എത്ര പഴയ ബസുകൾ നിരത്തിൽ നിന്ന് പിൻവലിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## <u>പുതിയ ബസ്സുകൾ വാങ്ങിയതിലെ കണക്ക്</u>

1858 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.04.2023 മുതൽ നാളിതുവരെ എത്ര പുതിയ ബസ്സുകൾ വാങ്ങിയെന്ന് വ്യക്തമാക്കുമോ; വാങ്ങിയ ബസ്സുകൾ ഏതൊക്കെ കമ്പനി നിർമ്മിതമാണെന്നും ഇതിൽ എത്ര ഇലക്ട്രിക് ബസുകളുണ്ടെന്നും അറിയിക്കുമോ;

(ബി) കേന്ദ്ര സർക്കാർ പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര ബസ്സുകൾ നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം വാങ്ങിയതും ലഭിച്ചതുമായ ബസ്സുകൾ ഏതൊക്കെ ഡിപ്പോകളിലേക്ക് എത്രയെണ്ണം വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഓർഡർ നൽകിയതിൽ എത്ര ബസ്സുകൾ ഇനി എത്തുവാനുണ്ടെന്നും ഈ ബസ്സുകൾ ഏതൊക്കെ ഡിപ്പോകളിലും റൂട്ടുകളിലും ഉപയോഗിക്കുന്നതിന് നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി. മൊബൈൽ ആപ്പുകൾ</u>

1859 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ഡിപ്പോകളുടെ ഡിപ്പോ കോഡ്, കോഡ് നമ്പരുകൾ, ഫോൺ നമ്പരുകൾ, ഒരു സർവ്വീസിലെ ക്രൂവിന്റെ ഫോൺ നമ്പരുകൾ മുതലായ വിവരങ്ങൾ എന്റെ കെ.എസ്.ആർ.ടി.സി നിയോ-ഒ.പി.ആർ.എസ്, ചലോ എന്നീ മൊബൈൽ ആപ്പുകളിലും കെ.എസ്.ആർ.ടി.സി വെബ് സൈറ്റിലും സെർച്ച് ചെയ്ത് കണ്ടുപിടിക്കാവുന്ന വിധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മെനു ഓപ്ഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങൾക്ക് പ്രസ്തുത വിവരങ്ങൾ എപ്രകാരമാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ?

## <u>ഓൺലൈൻ മുഖേന കൺസഷന് അപേക്ഷിക്കാൻ നടപടി</u>

1860 **ശ്രീ. എച്ച്. സലാം**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ എം നൗഷാദ്**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ച് കൺസഷൻ ലഭിക്കുന്നതിന് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ വിദ്യാർത്ഥികൾ ഉപയോഗിച്ചു വരുന്ന പേപ്പർ കൺസഷൻ കാർഡുകൾക്ക് പകരം ഡിജിറ്റൽ കാർഡ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) വിദ്യാർത്ഥികൾക്കായി വിജ്ഞാനവും വിനോദവും സംയോജിപ്പിച്ച് കൊണ്ടുള്ള വിദ്യാഭ്യാസ ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## <u>കെ.എസ്.ആർ.ടി.സി.യുടെ ഉന്നമനം</u>

1861 **ശ്രീ വി ശശി**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യെ പൊതുമേഖലയിൽ നിലനിർത്താൻ സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഭരണപരവും സാമ്പത്തികപരവുമായ നിർവ്വഹണം കാര്യക്ഷമമാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി. യെ മെച്ചപ്പെട്ട പ്രവർത്തന നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് യാത്രക്കാർക്ക് അന്തർദേശീയ നിലവാരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) വാഹനങ്ങളുടെ ശരിയായ വിനിയോഗം, റൂട്ടുകളുടെ ശരിയായ ഉപയോഗം എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## ഇലക്ട്രിക് ബസ്സുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി

1862 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധനച്ചെലവും മലിനീകരണതോതും കുറവായതിനാൽ ഇലക്ട്രിക് ബസുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഡീസൽ ബസുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസുകൾ സർവ്വീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തിക ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക്, ഡീസൽ ബസുകളുടെ എണ്ണം എത്രയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## പുതിയ ബസ് റൂട്ടുകൾക്ക് അനുമതി

1863 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ഗതാഗത വകുപ്പ് നടത്തിയ റൂട്ട് ഫോർമുലേഷനുമായി ബന്ധപെട്ട് പുതിയ ബസ് റൂട്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസുകളിൽ പതിവായി യാത്ര ചെയ്യുന്നവർക്ക് സീസൺ ടിക്കറ്റ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## പൊതുഗതാഗതം ശക്തിപ്പെടുത്താൻ നടപടി

1864 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗതം ശക്തിപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) നിലവിൽ പ്രതിദിനം എത്ര കോടി രൂപയാണ് വരുമാനമായി ലഭിക്കുന്നത്; വിശദാംശം നൽകാമോ?

**<u>കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുവാൻ സ്വീകരിച്ച നടപടികൾ</u>**

1865 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ കഴിഞ്ഞ 4 വർഷത്തെ വരുമാന കണക്ക് മാസം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത നടപടികൾ പ്രയോജനപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്കും പെൻഷൻകാർക്കും യഥാസമയം ശമ്പളത്തിലും പെൻഷനിലും വർദ്ധനവ് നൽകുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള ചില പ്രധാന കേന്ദ്രങ്ങളിലെ സ്ഥലവും കെട്ടിടവും കെ.ടി.ഡി.എഫ്.സി.-യ്ക്ക് കൈമാറുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഓരോ ഡിപ്പോയ്ക്കും ഓപ്പറേറ്റിംഗ് സെന്ററുകൾക്കും പ്രതിമാസം കളക്ട് ചെയ്യേണ്ടതായ തുക സംബന്ധിച്ച് പുതിയ നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ നടപടി</u>**

1866 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മറികടന്ന് ലാഭത്തിലെത്തിക്കുന്നതിനായി എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ ബസുകളാണ് നിരത്തിലിറക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി. ബസുകളുടെ കാലാവധി</u>**

1867 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര ബസുകൾക്കാണ് കാലാവധി കഴിഞ്ഞിട്ടും നിരത്തുകളിലൂടെ ഓടുന്നതിനായി കാലാവധി നീട്ടി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിന് ആധാരമായ സാഹചര്യം വിശദമാക്കുമോ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഗതാഗത വകുപ്പിൽ എത്ര വർഷം വരെ പഴക്കമുള്ള വാഹനങ്ങളാണ് പൊതുഗതാഗതത്തിന് ഉപയോഗിക്കുവാൻ

അനുമതിയുള്ളത്; വിശദമാക്കുമോ;

(സി) കാലാവധി കഴിഞ്ഞ വാഹനങ്ങൾ ഉൾപ്പെടെ ബജറ്റ് ടൂറിസത്തിനായി ഉപയോഗിക്കുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ?

**<u>തിരുവനന്തപുരം നഗരസഭയിലെ ഇലക്ട്രിക് ബസ് സർവീസുകൾ</u>**

1868 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ ഇലക്ട്രിക് ബസുകൾ ഗ്രാമീണ മേഖലയിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് സർക്കാരും നഗരസഭയും തമ്മിലുള്ള തർക്കം ബസ് സർവീസുകളെ ഏതെങ്കിലും തരത്തിൽ ബാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ തർക്കം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി.യിൽ വനിതാ ഡ്രൈവർ കം കണ്ടക്ടർ നിയമനം</u>**

1869 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകളിലേക്ക് വനിതാ ഡ്രൈവർ കം കണ്ടക്ടർമാരെ നിയമിക്കുന്നതിന് ബോർഡ് തീരുമാനിക്കുകയുണ്ടായോ;

(ബി) കെ.എസ്.ആർ.ടി.സി. യിൽ നിലവിൽ എത്ര വനിതാ ജീവനക്കാരാണുള്ളതെന്നും എത്ര വനിതാ ഡ്രൈവർ കം കണ്ടക്ടർമാരെ നിയമിക്കുന്നതിനാണ് കോർപ്പറേഷൻ ആലോചിക്കുന്നതെന്നും വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. യിലെയും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലെയും വനിതാ ഡ്രൈവർ കം കണ്ടക്ടർമാരുടെ നിലവിലെ സേവന വേതന വ്യവസ്ഥകൾ വിശദമാക്കുമോ;

(ഡി) ഇപ്രകാരമുള്ള നിയമനങ്ങൾ നടത്തുമ്പോൾ വനിതാ ജീവനക്കാർക്ക് മതിയായ പ്രാഥമിക ആവശ്യങ്ങളുൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എസ്.എൽ.ഐ. പോളിസി</u>**

1870 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ സ്ഥിരം ജീവനക്കാർക്ക് എസ്.എൽ.ഐ. പോളിസി നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പോളിസി ആരംഭിക്കുന്നതിനുള്ള പ്രായപരിധി എത്രയായിട്ടാണ് എസ്.എൽ.ഐ. ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രായപരിധി കഴിഞ്ഞ ജീവനക്കാരിൽ ആരുടെയെങ്കിലും പക്കൽനിന്നും നിലവിലുള്ള പോളിസിക്ക് പുറമെ പുതുതായി വീണ്ടും എസ്.എൽ.ഐ. പോളിസി ആരംഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട കെ.എസ്.ആർ.ടി. ഉദ്യോഗസ്ഥർ

എഴുതിവാങ്ങുകയും പ്രസ്തുത അപേക്ഷകരുടെ പ്രതിമാസ ശമ്പളത്തിൽനിന്നും രണ്ടാമതായി ആരംഭിച്ച പോളിസിക്കും പ്രീമിയം തുക പിടിക്കുന്നുണ്ടോ; എങ്കിൽ അത് ചട്ടപ്രകാരമാണോ എന്ന് അറിയിക്കുമോ;

(സി) ഇത്തരക്കാരിൽ നിന്നും രണ്ടാമതായും ഒരു പ്രീമിയം തുക പിടിക്കാനിടയായ സാഹചര്യം ഗൗരവമായി കണ്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. പാപ്പനംകോട് ഡിപ്പോയിൽ സ്ഥിരം ജീവനക്കാരൻ (ഐ.ഡി.നം.ജി18376)-ന്റെ പേരിൽ എത്ര എസ്.എൽ.ഐ. പോളിസികൾ എന്നുമുതൽ ആരംഭിച്ചുവെന്നും ഇവയ്ക്ക് പ്രതിമാസം പിടിച്ച പ്രീമിയം തുകയുടെ കണക്കുകളുൾപ്പെടെ പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ഇ) എസ്.എൽ.ഐ.യുടെ നിലവിലുള്ള മാനദണ്ഡപ്രകാരം ടിയാന് വീണ്ടും ഒരു പോളിസി കൂടി തുടങ്ങുന്നതിന് അർഹതയുണ്ടോ; ഇല്ലെങ്കിൽ വീണ്ടും ഒരു എസ്.എൽ.ഐ. പോളിസി ആരംഭിക്കാൻ ടിയാനിൽനിന്നും അപേക്ഷ ബന്ധപ്പെട്ട കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ എഴുതിവാങ്ങിയിരുന്നോ; എങ്കിൽ അത് ക്രമപ്രകാരമായിരുന്നോ എന്ന് വിശദമാക്കുമോ;

(എഫ്) ആരംഭിച്ചിട്ടില്ലാത്ത എസ്.എൽ.ഐ.യുടെ പേരിൽ എത്രരൂപ എന്നുമുതൽ ടിയാന്റെ പ്രതിമാസ ശമ്പളത്തിൽനിന്ന് പിരിച്ചിട്ടുണ്ട്; ചട്ടപ്രകാരമല്ലാതെ പ്രീമിയം തുക പിടിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; ടിയാന്റെ ശമ്പളത്തിൽനിന്നും ഇല്ലാത്ത പോളിസിക്ക് വേണ്ടി അനധികൃതമായി കെ.എസ്.ആർ.ടി.സി. പിടിച്ചെടുത്ത തുക ഒന്നടങ്കം ഉടൻ പ്രാബല്യത്തോടെ തിരിച്ചുനൽകുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

## <u>കെ.എസ്.ആർ.ടി.സി.യിലെ താൽക്കാലിക നിയമനം</u>

1871 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ, കണ്ടക്ടർ, ഡ്രൈവർ കം കണ്ടക്ടർ തസ്തികകളിൽ പി.എസ്.സി. മുഖേന അവസാനമായി സ്ഥിരനിയമനം നടത്തിയത് എന്നാണെന്നും ഓരോ തസ്തികയിലും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി. എംപ്ലോയ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകളിലേക്കാണ് ഇപ്രകാരം നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ തസ്തികകളിൽ പി.എസ്.സി. മുഖേനയുള്ള നിയമനം പൂർണമായും ഒഴിവാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണോ താൽക്കാലിക നിയമനം നടത്തുന്നത്; വ്യക്തമാക്കുമോ;

(ഡി) ലക്ഷക്കണക്കിനുവരുന്ന ഉദ്യോഗാർത്ഥികളായ യുവജനങ്ങളെ പരിഗണിച്ച് താൽക്കാലിക നിയമനം നടത്താനുള്ള നിലപാടിൽ നിന്ന് പിന്മാറാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

**കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ സർവീസുകൾ**

1872 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 2016 മുതൽ നാളിതുവരെ അനുവദിച്ച പുതിയ സർവീസുകൾ ഏതൊക്കെ; വിശദാംശം നൽകാമോ?

**കുറ്റ്യാടി മണ്ഡലത്തിൽ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

1873 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ ഇതുവരെ കുറ്റ്യാടി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കാലയളവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**തിരുവമ്പാടി കെ.എസ്.ആർ.ടി. സബ്ഡിപ്പോ നിർമ്മാണം**

1874 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ്ഡിപ്പോ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

**ഗുരുവായൂർ ബസ് സർവീസും കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളും**

1875 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ ഡിപ്പോയിൽ നിന്നും പുതിയതായി ആരംഭിച്ച സർവീസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**തൃശ്ശൂർ പുതുക്കാട് - മുപ്ലിയം വരെ കെ. എസ്.ആർ.ടി.സി.ബസ് സർവ്വീസ്**

1876 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മുതൽ മുപ്ലിയം വരെ വർഷങ്ങളായി ലാഭകരമായി സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്, നിശ്ചിത

സമയക്രമമനുസരിച്ച് രാവിലെയും വൈകിട്ടും സർവ്വീസ് നടത്തുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് മുടക്കം കൂടാതെ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) തൃശ്ശൂരിൽ നിന്നും പുതുക്കാട് - ചെങ്ങാലൂർ വഴി ഇഞ്ചക്കുണ്ട് വരെ സർവ്വീസ് നടത്തുന്ന കെ. എസ്. ആർ.ടി.സി.ബസ് കോടാലി സെന്റർ വരെ സർവ്വീസ് നീട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) കൂടുതൽ കെ.എസ്.ആർ.ടി.സി.ബസ് സർവ്വീസുകൾ പുതുക്കാട് മണ്ഡലത്തിലെ മലയോര മേഖലകളിലേക്ക് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## നാദാപുരം മണ്ഡലത്തിലെ പുതിയ ബസ് റൂട്ടുകൾ

1877 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ നാദാപുരം മണ്ഡലത്തിൽ അനുവദിച്ച ബസ് റൂട്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

## എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണം

1878 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് പുതിയ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. എരുമേലി ഓപ്പറേറ്റിങ് സെന്ററിന്റെ ഓഫീസ് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി

1879 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിങ് സെന്ററിന്റെ ഓഫീസ് ആയി പ്രവർത്തിക്കുന്ന ദേവസ്വം ബോർഡ് വക കെട്ടിടം 2021-ലെ പ്രളയത്തിൽ തകർന്ന് അങ്ങേയറ്റം ശോച്യാവസ്ഥയിലായിരിക്കുന്നതിനാൽ പ്രസ്തുത ഓഫീസ് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

## ഹരിപ്പാട് ഡിപ്പോയിൽ നിന്നുള്ള ബസ് സർവീസുകൾ

1880 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും സർവീസ് നടത്തുന്ന ഹരിപ്പാട്-ബാംഗ്ലൂർ വീക്കെൻഡ് ഡീലക്സ് സർവ്വീസ് യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് എ. സി. സീറ്റർ കം സ്ലീപ്പർ, ഡെയിലി സർവ്വീസ് ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കൽപ്പറ്റയിലേക്ക് സൂപ്പർഫാസ്റ്റ് ഡീലക്സ് സർവ്വീസും കോയമ്പത്തൂർ, നെടുമ്പാശ്ശേരി എയർപോർട്ടിലേക്ക് എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസ്സ് സർവീസും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഹരിപ്പാട് ഡിപ്പോയിലേക്ക് കൂടുതൽ പുതിയ ബസുകൾ അനുവദിക്കുമോ;

(സി) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് കൂടുതൽ ഓർഡിനറി സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഹരിപ്പാട് മണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കെ. എസ്. ആർ. ടി. സി. ഡ്രൈവിംഗ് സ്കൂളിന്റെ നിർവഹണ വിശദാംശവും പുരോഗതിയും അറിയിക്കാമോ?

## <u>കുണ്ടറയിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണം</u>

1881 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റിൽ അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ ഇളംമ്പള്ളൂരിൽ കണ്ടെത്തിയ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെ.എസ്.ആർ.ടി.സി.ക്ക് നൽകിയ കത്തിന്മേൽ (കത്ത്.നം. AEEBL -SDOKLM/178/2025/D3-PWD. തീയതി, 5/8/2025) എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ബസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കുണ്ടറയിൽ കെ.എസ്.ആർ.ടി.സി. യുടെ ഓപ്പറേറ്റിംഗ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ നിലവിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനോ ഓപ്പറേറ്റിംഗ് സ്റ്റേഷനോ ഇല്ലായെന്നത് കണക്കിലെടുത്ത് ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>ചേർത്തല സ്റ്റാൻഡ് വഴിയുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ റൂട്ട് ക്രമീകരണം</u>

1882 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഭാഗത്ത് നിന്ന് തിരുവനന്തപുരത്തേക്ക് വരുന്ന കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ബസുകൾ ചേർത്തല ബസ് സ്റ്റാൻഡിൽ കയറാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചേർത്തല റെയിൽവേ സ്റ്റേഷൻ വഴി സ്ഥിരമായി ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളുടെ റൂട്ട് മാറ്റിയതിനാൽ വൈകുന്നേരം ആറ് മണി മുതൽ എട്ട് മണിവരെയുള്ള സമയങ്ങളിൽ യാത്രക്കാർ ബുദ്ധിമുട്ടുന്ന

കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കോങ്ങാട്-ചെർപ്പുളശ്ശേരി റൂട്ടിൽ രാത്രി കെ.എസ്.ആർ.ടി.സി. ബസ് സർവീസ്

1883 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിന്ന് കോങ്ങാട് വഴി ചെർപ്പുളശ്ശേരിക്കും തിരിച്ച് പാലക്കാട്ടേക്കും രാത്രി സമയങ്ങളിൽ ബസ് സർവീസ് ഇല്ലാത്തതിനാൽ കോങ്ങാട്, കേരളശ്ശേരി തുടങ്ങിയ പ്രദേശങ്ങളിലെ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശ നിവാസികളുടെ രാത്രി സമയത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി മുണ്ടൂർ-കോങ്ങാട്-ചെർപ്പുളശ്ശേരി വഴി കെ.എസ്.ആർ.ടി.സി. ബസ് സർവീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കൊടിയത്തൂർ-കോഴിക്കോട് കെ.എസ്.ആർ.ടി.സി. സർവീസ്

1884 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭകരമായി സർവീസ് നടത്തിയിരുന്ന കൊടിയത്തൂർ-കോഴിക്കോട് കെ.എസ്.ആർ.ടി.സി. സർവീസ് പുനഃസ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവീസ് പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ബസ് റൂട്ട് അനുവദിക്കുന്നതിന് നടപടി

1885 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബസ് സ്റ്റാൻഡിൽ നിന്നും കാരപ്പറമ്പ്, കൃഷ്ണമേനോൻ മ്യൂസിയം, കേന്ദ്രീയവിദ്യാലയം എന്നിവ സ്ഥിതിചെയ്യുന്ന ഈസ്റ്റ്ഹിൽ വഴി കുത്തുപറമ്പിലേക്ക് ബസ് റൂട്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ റൂട്ടിൽ ബസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി.യുടെ ശബരിമല സ്പെഷ്യൽ സർവ്വീസ്

1886 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പമ്പയിലും നിലയ്ക്കലും മറ്റ് ശബരിമല സ്പെഷ്യൽ സർവ്വീസ് സെന്ററുകളിലും 25-12-2025 മുതൽ 06-01-2026 വരെ ഓരോ ദിവസവും 00.00 AM മുതൽ 11.59 PM വരെ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തുവെന്നും അതിൽ ഓരോ ഷെഡ്യൂളുകളുടേയും പ്രതിദിന വരുമാനം എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദിവസങ്ങളിലെ പമ്പ-നിലയ്ക്കൽ ചെയിൻ സർവീസുകളുടെ പ്രതിദിന കളക്ഷൻ ഇനം തിരിച്ച് വ്യക്തമാക്കാമോ?

**<u>ഐഡന്റിക്കൽ ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നതിനുള്ള നടപടി</u>**

1887 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കച്ചേരിനടയും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡും ഐഡന്റിക്കൽ ഫെയർ സ്റ്റേജ് ആക്കി നിർണ്ണയിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡോർമെറ്ററി കോംപ്ലക്സ്</u>**

1888 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഒരു ഡോർമെറ്ററി കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

**<u>വിതുര, ആര്യനാട്, വെള്ളനാട് ഡിപ്പോകളിൽ നിന്നുമുള്ള കെ.എസ്.ആർ.ടി.സി. സർവീസുകൾ</u>**

1889 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിലെ വിതുര, ആര്യനാട്, വെള്ളനാട് എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും പുതിയതായി ആരംഭിച്ച സർവീസുകളുടെയും പുനഃസ്ഥാപിച്ച സർവീസുകളുടെയും വിശദാംശം അറിയിക്കുമോ?

**<u>മണലൂർ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ</u>**

1890 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ നിന്നും മണലൂർ മണ്ഡലത്തിലെ പാവറട്ടി, പുവ്വത്തൂർ വഴിയും തിരിച്ച് അതേ റൂട്ടിൽ ഗുരുവായൂരിലേക്കും എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റൂട്ടിലെ കായംകുളം ബസ് നിലവിൽ കൃത്യമായി സർവ്വീസ് നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബസ് സർവ്വീസ് ഇടയ്ക്കിടക്ക് മുടങ്ങുന്നതുമൂലം യാത്രക്കാർ വലിയ ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ പ്രസ്തുത സർവ്വീസ് മുടക്കംകൂടാതെ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള പുതിയ സർവീസുകൾ</u>

1891 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് പുതിയതായി ഏതെല്ലാം സർവീസുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ നിന്ന് അമൃത ആശുപത്രിയിലേക്കുള്ള സർവീസ്, ചങ്ങനാശ്ശേരി-ഗുരുവായൂർ സർവീസ് എന്നിവ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് ബാംഗ്ലൂർ സർവീസ് ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവീസ് ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>നിലമ്പൂർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലെ റദ്ദാക്കിയ സർവീസുകൾ</u>

1892 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കെ.എസ്.ആർ.ടി.സി സബ് ഡിപ്പോയിൽ നിന്ന് മുൻപ് 42 സർവീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നതിൽ നിലവിൽ 31 സർവീസുകൾ മാത്രമേയുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റദ്ദാക്കിയ സർവീസുകൾ പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>താമരശ്ശേരി കൊയിലാണ്ടി റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവീസുകൾ</u>

1893 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി കൊയിലാണ്ടി റൂട്ടിൽ നേരത്തെ ഉണ്ടായിരുന്നതും ഇപ്പോൾ നിലവിലില്ലാത്തതുമായ എത്ര കെ.എസ്.ആർ.ടി.സി. സർവീസുകളുണ്ടെന്ന് അറിയിക്കുമോ;

(ബി) താമരശ്ശേരി കൊയിലാണ്ടി റൂട്ടിൽ രാത്രികാലയാത്രയ്ക്ക് വളരെ പ്രയാസമുണ്ടാകുന്നതിനാൽ പ്രസ്തുത റൂട്ടിലേക്ക് പുതിയ ബസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി</u>

1894 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്ന് മെഡിക്കൽ കോളേജ്, കുറ്റിക്കാട്ടൂർ, പൂവ്വാട്ടുപറമ്പ്, പെരുവയൽ, മാവൂർ വഴി കുളിമാട് ഭാഗത്തേക്ക് രാത്രി 08.30 ന് ശേഷം ബസ് സർവ്വീസ് ഇല്ലാത്തത് ജനവാസ കേന്ദ്രമായ ഈ പ്രദേശങ്ങളിലേക്കുള്ള യാത്രക്കാരെ ഏറെ

പ്രയാസപ്പെടുത്തുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ഗതാഗത വകുപ്പ് പദ്ധതികൾ

1895 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗതാഗത വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## ഗതാഗത വകുപ്പിന്റെ നേതൃത്വത്തിൽ അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ

1896 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിന്റെ നേതൃത്വത്തിൽ അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ

1897 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിളിച്ചുചേർത്ത ജനകീയ സദസ്സുകളിൽ വാമനപുരം മണ്ഡലത്തിൽ നിന്നുയർന്ന പരാതികളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പാണാവള്ളി-എറണാകുളം ബോട്ട് സർവീസ് പുനരാരംഭിക്കാൻ നടപടി

1898 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി-എറണാകുളം ബോട്ട് സർവീസ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ബോട്ട് സർവ്വീസ് നടത്തിയിരുന്ന പ്രദേശത്ത് മറ്റ് ബോട്ടുകൾ സർവീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാണാവള്ളി-എറണാകുളം ബോട്ട് സർവീസ് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ട്രാഫിക് നിയമ ലംഘനങ്ങൾക്കുള്ള ചെലാൻ

1899 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമ ലംഘനങ്ങൾക്കുള്ള ചെലാൻ യഥാസമയം അടയ്ക്കാതെ കേസ് കോടതികളിലേക്ക് കൈമാറിയാൽ പിന്നീട് ചെലാൻ അടയ്ക്കുന്നതിനുള്ള

നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കോടതികളിലേക്ക് കൈമാറിയ ചെലാനുകളിൽ എത്രയെണ്ണം നാളിതുവരെ തീർപ്പാക്കിയിട്ടുണ്ട്; എത്രയെണ്ണം തീർപ്പാക്കുവാൻ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം

1900 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി 30 സെന്റ് സ്ഥലത്തിന്റെ കൈവശാവകാശം മോട്ടോർ വാഹന വകുപ്പിന് കൈമാറി ഒരു വർഷമായിട്ടും കെട്ടിടം നിർമ്മിക്കുന്നതിലുള്ള കാലതാമസം വ്യക്തമാക്കാമോ;

(ബി) കേരള പോലീസ് ഹൗസിങ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും സഹിതം ഗതാഗത കമ്മീഷണർ സർക്കാരിൽ സമർപ്പിച്ച റീ-അപ്രൊപ്രിയേഷൻ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

## വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്കുള്ള ഫീസ്

1901 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്കുള്ള ഫീസ് കുറച്ച് ഉത്തരവിറക്കിയിട്ടും മോട്ടോർ വാഹന വകുപ്പ് ഉയർന്ന ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം സാധാരണക്കാരായ ഓട്ടോ-ടാക്സി ഉടമകളും തൊഴിലാളികളും പ്രതിസന്ധിയിലാകുന്നത് തടയാൻ കുറഞ്ഞ ഫീസ് ഈടാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ; ഫീസ് നിരക്ക് കുറച്ചശേഷം ഉയർന്ന നിരക്ക് നൽകേണ്ടി വന്നവർക്ക് ആയത് റീഫണ്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ചാത്തന്നൂരിൽ സബ് ആർ.ടി.ഓഫീസ് ആരംഭിക്കുന്നതിന് നടപടി

1902 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ ഒരു സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് എം.എൽ.എ. നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഫയലിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂരിൽ നിലവിൽ ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിക്കുന്ന കൊല്ലം ആർ.ടി.ഒ.യുടെ സബ് ആഫീസ് ആഴ്ചയിൽ നാല് ദിവസമാക്കി മാറ്റാൻ നടപടി

സ്വീകരിക്കുമോ; ആയതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് അറിയിക്കാമോ?

**വെള്ളരിക്കുണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

1903 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്ന് അറിയിക്കാമോ;

(ബി) വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷനിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം എപ്പോഴത്തേക്ക് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ?

**മോട്ടോർ വാഹനങ്ങളുടെ രൂപമാറ്റം**

1904 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങളിൽ രൂപമാറ്റം വരുത്തി കാതടപ്പിക്കുന്ന ശബ്ദവും അമിത ശബ്ദമുണ്ടാക്കുന്ന എയർ ഹോണും ഉപയോഗിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വാഹനങ്ങളെ കണ്ടെത്തി പിഴ ഈടാക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വാഹന ഉടമകൾക്കെതിരെ മറ്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം ശബ്ദമലിനീകരണം തടയാൻ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**നിരോധിത എയർഹോണുകളുടെ ഉപയോഗം**

1905 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുവദനീയമായ ഡെസിബെൽ ശബ്ദത്തേക്കാൾ കൂടുതൽ ശബ്ദമുണ്ടാക്കുന്ന എയർ ഹോണുകൾ വാഹനങ്ങളിൽ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) നിരോധിത എയർ ഹോണുകളുടെ ഉപയോഗം തടയാൻ നിലവിൽ പരിശോധനകൾ നടത്താറുണ്ടോ;

(സി) നിരോധിത എയർഹോണുകൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## പി.എം.ജെ.വി.കെ. യിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന പദ്ധതികൾക്കുള്ള തുക

1906 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി. എം. ജെ. വി. കെ.)- ൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന പദ്ധതികൾക്ക് തുക ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപയുടെ പ്രവൃത്തികൾക്കുള്ള പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നത്; ഇതിൽ എത്ര രൂപയാണ് ഓരോ വർഷവും ഇതുവരെയായി അനുവദിച്ച് നൽകിയത്; വിശദമാക്കാമോ?

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും

1907 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കൂടുതൽ സാമ്പത്തിക സഹായങ്ങളും സ്കോളർഷിപ്പുകളും ഗ്രാന്റുകളും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും ന്യൂനപക്ഷ സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ തടസ്സരഹിതമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്

1908 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ അധ്യാപക തസ്തികകൾ ഉണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകളുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത അധ്യാപകരുടെ ശമ്പളം മുടങ്ങിയിട്ടുണ്ടോ; ഇതിനാധാരമായ സാഹചര്യം വിശദമാക്കുമോ;

(സി) കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്തിന്റെ പ്രവർത്തനം വിശദമാക്കുമോ?

## കോഴിക്കോട് ജില്ലയിലെ പി.എം.ജെ.വി.കെ. പദ്ധതി

1909 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജെ.വി.കെ. (പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം) പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അംഗീകാരം ലഭിച്ച ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കാത്തതായി ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ എന്താണെന്നും വിശദമാക്കാമോ?

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ

1910 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്ക് സ്വയംതൊഴിൽ ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക അനുവദിക്കുമെന്ന് വ്യക്തമാക്കാമോ; സബ്സിഡി ലഭ്യമാണോ; വിശദാംശങ്ങൾ നൽകാമോ;

(സി) മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉള്ളവർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ടോ; മറ്റ് ഏതെല്ലാം വിഭാഗങ്ങൾക്കാണ് മുൻഗണന ലഭ്യമാക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

## ന്യൂനപക്ഷക്ഷേമത്തിനായി ബജറ്റിൽ വകയിരുത്തിയ തുക

1911 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 2016 ന് ശേഷം നിർത്തലാക്കിയ ന്യൂനപക്ഷ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## ന്യൂനപക്ഷക്ഷേമ പദ്ധതികൾക്ക് അനുവദിച്ച തുക

1912 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ ബജറ്റിലും ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക,അതിൽ അനുവദിച്ച തുക, അതിൽ ചെലവഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായ തുക എന്നിവ എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; ഓരോ പദ്ധതിയുടെയും വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമ പദ്ധതികളിൽ ഏതിലെങ്കിലും ധനസഹായങ്ങളും ആനുകൂല്യങ്ങളും നിലവിൽ കുടിശികയുണ്ടോ; എങ്കിൽ ഓരോ ഇനത്തിലുമുള്ള കുടിശികയുടെ വിശദാംശവും എന്നുമുതലാണ് കുടിശിക വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ വകയിരുത്തുന്ന തുക മുഴുവൻ അനുവദിക്കുന്നതിനും അവയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പ് വരുത്തുന്നതിനും ആനുകൂല്യങ്ങളും ധനസഹായവും കുടിശികയില്ലാതെ വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ന്യൂനപക്ഷക്ഷേമത്തിനുള്ള ബജറ്റ് വിഹിതം

1913 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 -2022 മുതൽ 2025-2026 വരെ ഓരോ സാമ്പത്തിക വർഷവും ന്യൂനപക്ഷ ക്ഷേമത്തിന് വേണ്ടി എത്ര രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഇതിൽ നിന്നും ഏതെല്ലാം ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു എന്ന് ഇനം, വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## കോട്ടയം മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1914 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ, അവയിൽ പൂർത്തിയായവ, പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

## ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകുന്ന സ്കോളർഷിപ്പുകൾ

1915 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020–2021 സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ സർക്കാർ ഓരോ വർഷവും വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം എത്രയാണെന്നും അതിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ, ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

പ്രസ്തുത ഓരോ പദ്ധതിയ്ക്കും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അറിയിക്കാമോ;

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2020-2021 മുതൽ വിവിധ സ്കോളർഷിപ്പ് ഇനത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;അതിൽ ഓരോ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും ഏതു മാസം വരെയുള്ളത് വിതരണം ചെയ്തിട്ടുണ്ടെന്നും ഏതെങ്കിലും കുടിശിക ആയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; എങ്കിൽ കാരണം വിശദമാക്കാമോ?

**<u>ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട്</u>**

1916 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ സംബന്ധിച്ച ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

**<u>മാവേലിക്കര മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് അനുവദിച്ച പദ്ധതികൾ</u>**

1917 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ന്യൂനപക്ഷക്ഷേമ വകുപ്പ് മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

**<u>ന്യൂനപക്ഷക്ഷേമ പദ്ധതികൾ</u>**

1918 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കേന്ദ്രസർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയ ന്യൂനപക്ഷക്ഷേമ പദ്ധതികൾ എന്തെല്ലാമാണ്; ഓരോന്നിനും സംസ്ഥാനത്തിന് ആകെ എത്ര തുക വീതം അനുവദിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ചെലവഴിക്കാതെ എത്ര തുക ബാക്കിയുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിലുമുള്ള സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയായിരുന്നുവെന്നും വകയിരുത്തേണ്ട പദ്ധതികളിൽ യഥാസമയം വിഹിതം വകയിരുത്താത്തതിനാൽ ഏതെങ്കിലും തരത്തിലുള്ള തുക ഈ കാലയളവിൽ നഷ്ടപ്പെട്ടിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാന ന്യൂനപക്ഷക്ഷേമ ബോർഡിന് കീഴിലുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി 2021-2026 വരെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക

എത്രയാണെന്നും അവയുടെ വിനിയോഗം സംബന്ധിച്ച വിശദാംശവും നൽകാമോ;

(ഡി) വിവിധ പദ്ധതികൾക്കായി നടപ്പുവർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ എത്ര ശതമാനം 2025 ഡിസംബർ 31 വരെ വിനിയോഗിച്ചുവെന്നും ഏതെല്ലാം പദ്ധതികൾക്കാണ് തുക ചെലവഴിച്ചതെന്നുമുള്ള വിശദാംശം നൽകുമോ?

**മദ്രസാദ്ധ്യാപക ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ**

1919 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസാദ്ധ്യാപക ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്ക് ലഭ്യമാക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ നിന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) അറുപത് വയസ്സ് പൂർത്തീകരിച്ച ക്ഷേമനിധി അംഗങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങളിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**ന്യൂനപക്ഷക്ഷേമ ബോർഡ് പദ്ധതികളുടെ ബജറ്റ് വിനിയോഗം**

1920 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ ബോർഡിന് കീഴിലുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി 2021-22 മുതൽ 2025-2026 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ വകയിരുത്തിയ തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദാംശം നൽകുമോ;

(ബി) സംസ്ഥാന ന്യൂനപക്ഷക്ഷേമ ബോർഡിന് കീഴിലുള്ള വിവിധ സ്കോളർഷിപ്പുകൾ നാളിതുവരെയും വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിന്റെ കീഴിൽ വിവിധ പദ്ധതികൾക്കായി 2025-26 ലെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 2025 ഡിസംബർ 31 വരെയുള്ള വിനിയോഗ ശതമാനം എത്ര; വിശദാംശം നൽകുമോ;

(ഡി) ബജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ അനുവദിച്ച മുഴുവൻ തുകയും 2026 മാർച്ച് 31 നകം വിനിയോഗിക്കുവാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

**ശ്രീനാരായണപുരം കളിസ്ഥലം നിർമ്മാണം**

1921 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീനാരായണപുരം പഞ്ചായത്തിൽ കളിസ്ഥലം നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ ആയതിന്റെ നിർമ്മാണം എത്രയും വേഗത്തിൽ

പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**അരൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം പദ്ധതി**

1922 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിൽ ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം പദ്ധതിയിയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

**കൊല്ലം മണ്ഡലത്തിലെ കായിക പദ്ധതികളുടെ പുരോഗതി**

1923 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിലെ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ;

(ബി) തൃക്കരുവ പഞ്ചായത്തിലെ മിനിസ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിയിൽ വലിയതോതിലുള്ള കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കൊല്ലം ആശ്രാമം മൈതാനത്തിലെ വാക് വേയ്ക്ക് സമീപം ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അനുമതി നൽകുമോ; വ്യക്തമാക്കാമോ?

**ദേശമംഗലം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ ഗ്രൗണ്ട് നവീകരണം**

1924 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ ഭാഗമായ ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഏതെല്ലാം ഫണ്ടുകളിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയും; വിശദമാക്കുമോ?

**ചേലക്കര കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

1925 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരമുള്ള ഗ്രൗണ്ട് നവീകരണ

പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഏതെല്ലാം ഫണ്ടുകളിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കായിക പദ്ധതികൾ

1926 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

## പുതുക്കോട് ഗ്രാമപഞ്ചായത്ത് കളിക്കളം നവീകരണം പ്രവൃത്തി

1927 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കോട് ഗ്രാമപഞ്ചായത്ത് കളിക്കളം നവീകരണ പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എപ്പോഴേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## കൊല്ലം ജില്ലയിലെ കായിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

1928 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം ജില്ലയിൽ കായിക വകുപ്പിന്റെ പ്ലാൻ, നോൺ പ്ലാൻ, കിഫ്ബി ഫണ്ടുകൾ വിനിയോഗിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഏതെല്ലാമാണെന്ന വിശദാംശം ലഭ്യമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1929 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2016-17 മുതൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ?

## കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

1930 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും പദ്ധതികളുടെ അടങ്കൽ തുകയും നിലവിലെ സ്ഥിതിയും സഹിതം വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) കുന്നമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തികൾ വളരെ മന്ദഗതിയിൽ നടക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

1931 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ 2021 ന് ശേഷം കായിക വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ സ്പോർട്സ് പദ്ധതികൾ

1932 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പള്ളിപ്പാട് നടുവെട്ടം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ നെറ്റ്ബോൾ കോർട്ട് സ്ഥാപിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; നിലവിൽ പ്രസ്തുത പ്രൊപ്പോസൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന വിവരം അറിയിക്കാമോ?

## പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1933 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കായിക വകുപ്പ്, സ്പോർട്സ് കൗൺസിൽ എന്നിവ മുഖേന പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന വികസന പദ്ധതികളും നിർമ്മാണ പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ ഗ്രാമീണ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിനായി നടപ്പിലാക്കിയ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി</u>**

1934 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കുമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ കായിക പദ്ധതികൾ</u>**

1935 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

**<u>കായിക നയം</u>**

1936 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന് ആദ്യമായി കായികനയം രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കായികനയ രൂപീകരണത്തിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാവർക്കും സ്പോർട്സ്, സ്കൂൾ തലം മുതൽ കായിക വികസനം, ഉന്നത നിലവാരമുള്ള കായികതാരങ്ങളെ വളർത്തൽ, കായിക സമ്പദ്‌വ്യവസ്ഥയുടെ പുരോഗതി തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിന് പ്രസ്തുത കായികനയം എത്രത്തോളം സഹായകരമാണെന്ന് വ്യക്തമാക്കാമോ?

**<u>അഴീക്കോട് മണ്ഡലത്തിൽ നടത്തിയ കായിക പ്രവൃത്തികൾ</u>**

1937 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ 2021-26 കാലത്ത് കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ, ആരംഭിക്കുന്നവ എന്നിവ വിശദമായി തരംതിരിച്ച് തുക ഉൾപ്പടെ രേഖപ്പെടുത്തി ലഭ്യമാക്കാമോ?

## കോന്നി നിയോജക മണ്ഡലത്തിലെ വിവിധ പദ്ധതികൾ

1938 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ നിലവിലുള്ള സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും കായിക വകുപ്പിന് കീഴിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവർത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

## കായിക താരങ്ങൾക്ക് സ്കൂളുകളിൽ നിയമനം നൽകുന്ന പദ്ധതി

1939 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് നിയമനം നൽകുന്ന പദ്ധതി പ്രകാരം കേരളത്തിലെ സ്കൂളുകളിൽ കായിക അധ്യാപകരായി കായിക താരങ്ങളെ നിയമിക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കുമോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജോലി ലഭിക്കുന്ന കായിക താരങ്ങൾ സംസ്ഥാനത്തെ കായിക രംഗം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പുതിയ കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രവൃത്തികൾ

1940 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കുമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1941 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലൂടെ അനുവദിക്കുന്ന കളിക്കളങ്ങൾ സ്കൂളുകളുടെ നിയന്ത്രണത്തിൽ ഉള്ളതാണെങ്കിൽ അവ പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിന് കായിക വകുപ്പ് നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാന സമ്പദ്ഘടനയിൽ കായിക മേഖലയിലെ സംഭാവനയും അടിസ്ഥാന സൗകര്യ വികസനവും

1942 **ശ്രീമതി സി. കെ. ആശ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ കായിക മേഖലയുടെ സംഭാവന നിലവിൽ ഒരു ശതമാനം മാത്രമാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംഭാവന വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് കായിക പരിശീലനങ്ങൾക്കും വിനോദങ്ങൾക്കും ശാരീരിക ക്ഷമതാപ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ എസ്. പി. വി.കളായി ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വിഭവസമാഹരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## അരുവിക്കര നിയോജക മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ

1943 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായികവകുപ്പിന് കീഴിൽ അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ ഫണ്ട് വിവരവും നിലവിലെ സ്ഥിതിയും അറിയിക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ കായിക വികസന പ്രവർത്തനങ്ങൾ

1944 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിൽ കായിക വകുപ്പ് മുഖാന്തിരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ്

നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വിശദമാക്കാമോ?

## തില്ലങ്കരി അന്താരാഷ്ട്ര യോഗ റിസർച്ച് ആൻഡ് സ്റ്റഡി സെന്റർ

1945 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തില്ലങ്കരി വില്ലേജിൽ അന്താരാഷ്ട്ര യോഗ റിസർച്ച് ആൻഡ് സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

## ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് അക്കാദമി

1946 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കേന്ദ്രമാക്കി സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## മഞ്ചേരി നിയോജകമണ്ഡലത്തിൽ സ്പോർട്സ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1947 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 മെയ് മുതൽ 2025 ഡിസംബർ വരെ മഞ്ചേരി നിയോജകമണ്ഡലത്തിൽ സ്പോർട്സ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നും ആയതിലേക്കായി എത്ര തുക അനുവദിച്ചു എന്നും ഏതൊക്കെ പദ്ധതികൾ പൂർത്തിയായി എന്നും ഇനി ഏതൊക്കെ പദ്ധതികളാണ് പൂർത്തിയാകാൻ ഉള്ളതെന്നും വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) മഞ്ചേരി ബോയ്സ് ഹൈസ്കൂൾ സ്റ്റേഡിയം ഗ്രൗണ്ടിൽ മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നത് പരിഹരിക്കാനായി ഗ്രൗണ്ടിൽ മണ്ണിട്ട് ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മഞ്ചേരി പയ്യനാട് സ്റ്റേഡിയം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിന് ആവശ്യമായ 25 ഏക്കർ സ്ഥലം വിട്ടു നല്കിയ മുനിസിപ്പാലിറ്റി നിർദേശിക്കുന്ന പ്രാദേശിക ക്ലബ്ബുകൾക്ക് സ്റ്റേഡിയത്തിൽ ഫുട്ബോൾ കളിക്കാൻ അവസരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) മഞ്ചേരി നിയോജകമണ്ഡലത്തിൽ സ്പോർട്സ് വകുപ്പിന്റെ പുതിയ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1948 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, അരിമ്പൂർ ഗ്രാമ പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ആകെ എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം ഫണ്ടുകളാണ് ഇതിലേക്കായി വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ;

(ഇ) ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ?

## വിവിധ സ്പോർട്സ് അസോസിയേഷനുകളുടെ പ്രവർത്തനം

1949 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കായികനയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ വിവിധ സ്പോർട്സ് അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ചുമതല സ്പോർട്സ് കൗൺസിൽ അംഗങ്ങൾക്ക് നിശ്ചയിച്ചു നൽകാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കുത്തന്നൂർ ജി. എച്ച് . എസ്. എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം

1950 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തന്നൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് പ്രവൃത്തി.

1951 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം

1952 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഫുട്ബോൾ മത്സരങ്ങൾക്കായി വികസിപ്പിച്ചെടുത്ത കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം (ഇ. എം. എസ്. സ്റ്റേഡിയം) മറ്റേതെങ്കിലും മത്സരത്തിനായി വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) മറ്റ് മത്സരങ്ങൾക്കായി വിട്ടു കൊടുത്ത സ്റ്റേഡിയത്തിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) മൈതാനം എന്നത്തേക്ക് പൂർവ്വസ്ഥിതിയിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>നെടുങ്കണ്ടം ജില്ലാ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം</u>**

1953 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പച്ചടിയിൽ പണി കഴിപ്പിക്കുന്ന ജില്ലാ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കി 2026 ഫെബ്രുവരി മാസം സ്റ്റേഡിയം ഉദ്ഘാടനം നടത്തത്തക്ക നിലയിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>കാസർഗോഡ് ജില്ലാ സ്റ്റേഡിയത്തിന്റെ ഉദ്ഘാടനം</u>**

1954 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ കിഫ്ബി ഫണ്ട് വഴി അനുവദിച്ച കാസർഗോഡ് ജില്ലാ സ്റ്റേഡിയം പണി പൂർത്തീകരിച്ചതിനാൽ ഇതിന്റെ ഉദ്ഘാടന പരിപാടികൾ എന്ന് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>മങ്കട മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം</u>**

1955 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഏതെല്ലാം സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനാണ് കായിക വകുപ്പ് തുക വകയിരുത്തിയിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്റ്റേഡിയങ്ങളോരോന്നിന്റെയും നിർമ്മാണ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നടപടികൾ വേഗത്തിലാക്കി നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം</u>

1956 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ നീക്കി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം</u>

1957 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റയിൽ നിർമ്മിക്കുന്ന സ്റ്റേഡിയത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടന്നുവെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) അനിശ്ചിതമായി പ്രവൃത്തി നീണ്ടുപോകാനിടയായ കാരണം വ്യക്തമാക്കാമോ;

(സി) സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ് എന്നിവ നിർമ്മിക്കുന്നതിനുള്ള ചുമതല ആർക്കാണെന്നും ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

## <u>കാവശ്ശേരി കെ. സി. പി. എച്ച്. എസ്. സ്കൂൾ ഗ്രൗണ്ട് നിർമ്മാണം</u>

1958 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവശ്ശേരി കെ. സി. പി. എച്ച്. എസ്. സ്കൂൾ ഗ്രൗണ്ട് നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും; ആയത് എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ?

## <u>പഴമ്പാലക്കോട് എസ്. എം. എച്ച്. എസ്. എസ്. സ്കൂൾ ഗ്രൗണ്ട് പ്രവൃത്തി</u>

1959 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴമ്പാലക്കോട് എസ്. എം. എച്ച്. എസ്. എസ്. സ്കൂൾ ഗ്രൗണ്ട് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും ആയത് എപ്പോൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## <u>ചെറുവാഞ്ചേരി സ്റ്റേഡിയം നിർമ്മാണം</u>

1960 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടുകാരിൽ നിന്നും പണം സ്വരൂപിച്ച് ജനകീയ കമ്മിറ്റി വാങ്ങി നല്കിയ സ്ഥലത്ത് ബജറ്റിൽ നിന്നും അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റേഡിയം യാഥാർത്ഥ്യമാവുന്നതോടെ പൊതുജനങ്ങൾക്ക് ലഭ്യമാവുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സ്റ്റേഡിയത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച ശേഷം ബാക്കിവരുന്ന സ്ഥലത്ത് മറ്റ് സ്പോർട്സ് കോർട്ടുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

## പാലക്കാട് പോളിടെക്നിക് കോളേജ് സ്റ്റേഡിയം നിർമ്മാണം

1961 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 4 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പാലക്കാട് പോളിടെക്നിക് കോളേജ് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ വികസനം

1962 **ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനും വികസനത്തിനും സഹായകരമായി നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

## കണ്ണൂരിൽ ഹജ്ജ് ഹൗസ് നിർമ്മാണം

1963 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിന് എത്ര രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) ആയതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ഹജ്ജ് ഹൗസ് നിർമ്മാണത്തിന് എത്ര സ്ഥലമാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ?

## ഹജ്ജ് തീർത്ഥാടന മുന്നൊരുക്കങ്ങൾ

1964 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-ലെ ഹജ്ജ് തീർത്ഥാടനത്തിന് മുന്നോടിയായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) കരിപ്പൂർ, കൊച്ചി വിമാനത്താവളങ്ങളിൽ ഹജ്ജ് തീർത്ഥാടകർക്കായി ഇത്തവണ എന്തെല്ലാം സൗകര്യങ്ങൾ വർദ്ധിപ്പിക്കാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ട്രെയിൻ സർവീസ് അനുവദിക്കുന്നതിനുള്ള നടപടി

1965 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഭാഗത്ത് നിന്നും കോഴിക്കോട് (മംഗലാപുരം) ഭാഗത്തേക്ക് ഉച്ചക്ക് ശേഷം 2.37 നുള്ള മംഗള ലക്ഷദ്വീപ് സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സിന് ശേഷം രാത്രി 7 മണിക്ക് ആലപ്പുഴ കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസ് മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാത്രാക്ലേശം പരിഹരിക്കുന്നതിന് പ്രസ്തുത ട്രെയിൻ സമയങ്ങൾക്കിടയിൽ ഒരു ട്രെയിൻ സർവീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ?

## പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസം

1966 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസത്തിനായി റെയിൽവെയുടെ ഉടമസ്ഥതയിലുള്ള ഭൂമി കൊല്ലം കോർപ്പറേഷന് വിട്ട് നൽകുന്ന കാര്യം സംബന്ധിച്ച് റെയിൽവേയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഊർജ്ജിതമായി നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

## ഗുരുവായൂർ- തിരുനാവായ റെയിൽ പദ്ധതി

1967 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ- തിരുനാവായ റെയിൽ പദ്ധതി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) റെയിൽവേ നേരിട്ട് നടപ്പാക്കുമെന്ന് അറിയിച്ച തിരുവെങ്കിടം അടിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## ശബരി റെയിൽപാത നിർമ്മാണം

1968 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി–അഴുത ശബരി റെയിൽപാതയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിർമ്മാണത്തിനായി പദ്ധതി ചെലവിന്റെ 50% സംസ്ഥാനം വഹിക്കുമെന്നതിനുള്ള ഉറപ്പ് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) കെ-റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ശബരിപാതയുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) എറണാകുളം ജില്ലയിലെ സ്മാർട്ട് സിറ്റി, ഇൻഫോപാർക്ക് തുടങ്ങിയ തൊഴിൽ മേഖലകളുമായി തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം എന്നിവയെ ബന്ധിപ്പിക്കാൻ ശബരി പാതയിൽ മാറ്റങ്ങൾ വരുത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മൃഗസംരക്ഷണ വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ

1969 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവൃത്തികൾ

1970 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടത്തിയിട്ടുള്ള പ്രവൃത്തികൾ, പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## സംസ്ഥാനത്തിന് ആവശ്യമായ കോഴിമുട്ട ഉല്പാദിപ്പിക്കാൻ നടപടി

1971 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ കോഴിമുട്ട ഉല്പാദിപ്പിക്കാൻ സാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മുട്ട ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ വരുമാന വർദ്ധനവും സാമ്പത്തിക വളർച്ചയും ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(സി) മിതമായ നിരക്കിൽ ഗുണമേന്മയുള്ള കോഴിത്തീറ്റ സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ പദ്ധതികൾ

1972 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ നാളിതുവരെ ഇരിക്കൂർ മണ്ഡലത്തിൽ മൃഗസംരക്ഷണം, ക്ഷീരവികസനം വകുപ്പുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## നാദാപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് അനുവദിച്ച പദ്ധതികൾ

1973 **ശ്രീ. ഇ കെ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ 2016 മുതൽ 2025 വരെയുള്ള കാലയളവിൽ മൃഗസംരക്ഷണ വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## മൃഗസംരക്ഷണ വകുപ്പും ക്ഷീര വകുപ്പും കൈപ്പമംഗലം മണ്ഡലത്തിൽ നടപ്പാക്കിയ പ്രധാന വികസന പ്രവർത്തനങ്ങൾ

1974 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ മൃഗസംരക്ഷണ വകുപ്പും ക്ഷീര വകുപ്പും നടപ്പിലാക്കിയ പ്രധാന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

## അരുമമൃഗങ്ങളുടെ സംരക്ഷണം

1975 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരുമമൃഗങ്ങളെ തെരുവോരങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത കോവിഡ് കാലഘട്ടത്തിനുശേഷം വളരെയധികം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടുന്ന മൃഗങ്ങളെ സംരക്ഷിക്കാനും പുനരധിവസിപ്പിക്കാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് അരുമ മൃഗങ്ങളെ വളർത്തുന്നവർക്ക് ഉടമസ്ഥത/പെറ്റ് ഓണർഷിപ്പ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വളർത്തു മൃഗങ്ങളെ തെരുവിൽ ഉപേക്ഷിക്കുന്നവർക്ക് പിഴ ഏർപ്പെടുത്താനും നിയമനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## <u>തെരുവ് നായകളുടെ വന്ധ്യംകരണം</u>

1976 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായി നിലവിലെ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ തെരുവ് നായ്ക്കളുടെ വന്ധ്യംകരണ പ്രവർത്തനങ്ങൾക്കായി നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) മേൽ പരാമർശിച്ച പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള ധനസഹായം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>കോന്നി മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് പദ്ധതികൾ</u>

1977 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും തൊട്ടുമുൻപുള്ള സർക്കാരിന്റെ കാലത്തും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

1978 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1979 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗ സംരക്ഷണം, ക്ഷീര വികസനം വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വിശദമാക്കാമോ?

## അരുവിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളും പ്രവൃത്തികളും

1980 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ അനുവദിച്ച വിവിധ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം, അവയുടെ ഫണ്ട് വിവരം, നിലവിലെ സ്ഥിതി എന്നിവ അറിയിക്കുമോ?

## ഏറനാട് മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന പദ്ധതികൾ

1981 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് വഴി ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ ?

## മൃഗസംരക്ഷണ വകുപ്പ് മുഖേന പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ

1982 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ മൃഗസംരക്ഷണ വകുപ്പ് മുഖേന പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രധാന വികസന പദ്ധതികളും നിർമ്മാണ പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും ഇതിൽ എത്ര രൂപ വീതം ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി (പൂർത്തിയായവ, പുരോഗമിക്കുന്നവ, തടസ്സപ്പെട്ടവ) സംബന്ധിച്ച വിശദാംശം എന്നിവ ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിലെ കർഷകർക്കായി നടപ്പിലാക്കിയ സബ്സിഡി പദ്ധതികൾ, ലൈവ് സ്റ്റോക്ക് ഇൻഷുറൻസ് എന്നിവയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ മൃഗസംരക്ഷണ വകുപ്പ് വഴി അനുവദിച്ച പദ്ധതികൾ

1983 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ മൃഗസംരക്ഷണ വകുപ്പ് വഴി അനുവദിച്ച പദ്ധതികൾ, അതിനായി അനുവദിച്ച തുക, പദ്ധതിയുടെ നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ പദ്ധതികൾ

1984 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അവയ്ക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

## കണ്ണൂർ ജില്ലയിൽ ആട് ഗ്രാമം പദ്ധതി

1985 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് ആട് ഗ്രാമം പദ്ധതി മുഖേന ലഭ്യമായിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങളിൽ ആട് ഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൂത്തുപറമ്പ് മണ്ഡലത്തിലെ പാട്യം, മൊകേരി, കോട്ടയം മലബാർ, കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തുകളിൽ പുതുതായി ആട് ഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ, വിശദമാക്കുമോ?

## മൃഗസംരക്ഷണ വകുപ്പ് തിരുവല്ല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1986 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് 2021 മുതൽ തിരുവല്ല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

1987 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ചങ്ങനാശ്ശേരിയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

1988 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശവും ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## നിരണം താറാവ് വളർത്തൽ കേന്ദ്രം

1989 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷിപ്പനി ഭീഷണിയെ തുടർന്ന് അടച്ച നിരണം താറാവ് വളർത്തൽ കേന്ദ്രം തുറന്ന് പ്രവർത്തിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## പക്ഷിപ്പനി വ്യാപനം

1990 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷിപ്പനിയെ തുടർന്ന് ഹരിപ്പാട് മണ്ഡലത്തിലെ താറാവ്/കോഴി കർഷകർക്ക് നേരിട്ടിട്ടുള്ള നഷ്ടം എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഹരിപ്പാട് മണ്ഡലത്തിൽ പക്ഷിപ്പനി ബാധ നിയന്ത്രിക്കുന്നതിനായി എത്ര താറാവുകളെ/കോഴികളെയാണ് കൊന്നൊടുക്കിയത്; ഇതിനുള്ള നഷ്ടപരിഹാരം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടോ; അറിയിക്കാമോ;

(സി) മുൻകാലങ്ങളിലെ പക്ഷിപ്പനി ബാധയുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിലെ താറാവ്-കോഴി കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാര തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ആലപ്പുഴ ജില്ലയിലെ കുട്ടനാട് മേഖലകളിൽ അടിക്കടിയുണ്ടാകുന്ന പക്ഷിപ്പനി ബാധ നിയന്ത്രിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കുമോ; താറാവ്-കോഴി കർഷകർക്ക് പക്ഷിപ്പനി ബാധയെ തുടർന്നുള്ള സാമ്പത്തിക നഷ്ടം കുറയ്ക്കുന്നതിന് പ്രത്യേക ഇൻഷ്വറൻസ് സഹായം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## സ്വകാര്യ മൃഗാശുപത്രികൾ

1991 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ഡോ. എം. കെ. മുനീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മൃഗാശുപത്രികൾ പ്രവർത്തിച്ച് വരുന്നുണ്ടോ; അവയെ നിയന്ത്രിക്കുവാൻ എന്തെങ്കിലും നിയമങ്ങളോ ചട്ടങ്ങളോ ഉണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങളും ജീവനക്കാരുടെ യോഗ്യതയും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ മൃഗാശുപത്രികളുടെ നിലവാരം നിർണ്ണയിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## കോഴിക്കോട് ഗവ. വെറ്ററിനറി ഹോസ്പിറ്റലിന്റെ നവീകരണം

1992 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവ. വെറ്ററിനറി ഹോസ്പിറ്റലിന്റെ നവീകരണത്തിനും വികസനത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## കരുണാപുരം മൃഗാശുപത്രിയിൽ ഡോക്ടറുടെ തസ്തിക നിയമിക്കുന്നതിന് നടപടി

1993 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ കരുണാപുരം മൃഗാശുപത്രിയിൽ ഡോക്ടറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ ക്ഷീര കർഷകരും മറ്റ് മൃഗങ്ങളെ വളർത്തുന്നവരും ഏറെ ബുദ്ധിമുട്ടിലാണ് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര നാളായി ഈ തസ്തിക ഒഴിഞ്ഞു കിടക്കുന്നുവെന്ന വിശദാംശം നൽകാമോ;

(സി) ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ക്ഷീരകർഷകർ ഉള്ള കരുണാപുരം പഞ്ചായത്തിലെ പ്രസ്തുത മൃഗാശുപത്രിയിൽ അടിയന്തരമായി ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ അധ്യാപക-അനധ്യാപക നിയമനം

1994 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയിൽ അധ്യാപക - അനധ്യാപക നിയമനങ്ങളിൽ സംവരണക്രമവും പ്രായപരിധി മാനദണ്ഡങ്ങളും ലംഘിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതു സാഹചര്യത്തിലാണ് ഇപ്രകാരം നിയമനം നടന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർവകലാശാലയിലെ നിയമനങ്ങൾ സംബന്ധിച്ച് ഗവർണർ വിശദീകരണം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(സി) സംവരണക്രമവും പ്രായപരിധി മാനദണ്ഡങ്ങളും യു. ജി. സി. ഗൈഡ്‌ലൈൻസും ലംഘിച്ചു നടത്തിയ മുഴുവൻ നിയമനങ്ങളും റദ്ദാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പാലുൽപ്പാദനത്തിലെ സ്വയം പര്യാപ്തത

1995 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ പാലുൽപ്പാദന ശേഷിയുള്ള കിടാരികളെ കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

## കാസർഗോഡ് ജില്ലയിലെ കന്നുകുട്ടി പരിപാലനത്തിനും തീറ്റപ്പുല്ല് കൃഷി വ്യാപനത്തിനുമുള്ള പദ്ധതികൾ

1996 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ക്ഷീരമേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടി പരിപാലനത്തിനും തീറ്റപ്പുല്ല് കൃഷി വ്യാപനത്തിനും ഏതൊക്കെ പദ്ധതികളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കോവളം നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ

1997 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 കാലയളവിൽ കോവളം മണ്ഡലത്തിൽ മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

**ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ**

1998 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; ഓരോ പദ്ധതികൾക്കും ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കാമോ?

**ക്ഷീര വികസന വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികൾ**

1999 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്ഷീര വികസന വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

**ക്ഷീര വികസന വകുപ്പ് അനുവദിച്ച പദ്ധതികൾ**

2000 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ക്ഷീര വികസന വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; പദ്ധതികളുടെ പേരും തുകയും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ?

**വാമനപുരം മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ**

2001 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ക്ഷീരവികസന വകുപ്പ് മുഖാന്തരം വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, അവയ്ക്ക് ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച് വിശദമാക്കാമോ?

## ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികൾ

2002 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർ നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയെന്നും അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയെന്നും വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ക്ഷീരമേഖലയിൽ ഉല്പാദന ചെലവുകൾ വർദ്ധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; ഇത് തരണം ചെയ്യുന്നതിന് എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് വിശദമാക്കുമോ?

## ക്ഷീര വികസന മേഖലയിലെ നൂതന പദ്ധതികൾ

2003 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ക്ഷീര വികസന മേഖലയുടെ ഉന്നമനത്തിന് ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ നൂതന പദ്ധതികൾ വിശദമാക്കാമോ;

(സി) ക്ഷീര കർഷകരുടെ ഉന്നമനത്തിന് നൽകി വരുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

2004 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മാസം മുതൽ നാളിതുവരെ ചാത്തന്നൂർ മണ്ഡലത്തിലെ ക്ഷീര കർഷകരുടെയും ക്ഷീര വികസന മേഖലയുടെയും വികസന പ്രവർത്തനങ്ങൾക്കായി വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഓരോ പദ്ധതികൾക്കും എത്ര രൂപവീതം ചെലവഴിച്ചിട്ടുണ്ടെന്നും സാമ്പത്തിക വർഷങ്ങൾ തിരിച്ച് അറിയിക്കാമോ ?

## പാലിന്റെ ഗുണനിലവാരം

2005 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ സംസ്ഥാനത്തേക്ക് കൊണ്ടുവന്ന് വിൽപ്പന നടത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കർശന പരിശോധന നടത്തുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**പാലിന്റെ സംഭരണ വില വർധിപ്പിക്കാൻ നടപടി**

2006 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിന്റെ ഉൽപാദനച്ചെലവ് വർധിച്ചിട്ടും സംഭരണ വിലയിൽ ആനുപാതികമായ വർധനവ് നൽകാത്തതിനാൽ കർഷകർ ഈ മേഖല ഉപേക്ഷിക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പാലിന്റെ സംഭരണ വില വർധിപ്പിക്കാത്തത് മൂലം ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ, പാൽ ഉൽപന്നങ്ങൾ എന്നിവ കേരള വിപണിയിൽ സജീവമാവുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരം കമ്പനികളുടെ കടന്നുകയറ്റം മൂലം മിൽമ ഉൽപന്നങ്ങളുടെ വിൽപനയിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ മിൽമ ഉൽപന്നങ്ങളുടെ വിൽപന വർധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

**ക്ഷീര മേഖലയുടെ ആധുനികവൽക്കരണത്തിനുള്ള പദ്ധതികൾ സംബന്ധിച്ച്**

2007 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര മേഖലയുടെ ആധുനികവൽക്കരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) പാൽ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ക്ഷീര കർഷകർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആനുകൂല്യങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ആയത് വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**പാലിൽ മായം കലർത്തുന്നത് തടയാൻ നടപടി**

2008 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിതരണത്തിനായി കൊണ്ടു വരുന്ന പാലിൽ കൊഴുപ്പ്, രുചി എന്നിവ ലഭിക്കുന്നതിനായി ആന്റിബയോട്ടിക്കുകളും മറ്റ് രാസവസ്തുക്കളും ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

## ക്ഷീരഗ്രാമം പദ്ധതി

2009 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പാലുല്പാദനവും ഗുണമേന്മയും

2010 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും അയൽ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

2011 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ടോ; ഉല്പാദനവും ആവശ്യകതയും തമ്മിലുള്ള വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ പാലുല്പാദനം കൂട്ടാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ മുഖേന ഈ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തോട്ടം തൊഴിലാളികൾ, മത്സ്യ-കയർ മേഖലകളിലെ തൊഴിലാളികൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എന്നിവരെ ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഇവയിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## ക്ഷീരകർഷകർക്കുള്ള സഹായം

2012 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-

ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് എത്രകോടി രൂപയുടെ അധിക സഹായം പ്രഖ്യാപിച്ചിട്ടുണ്ട്; കോഴി വളർത്തൽ മേഖലയിൽ കർഷകർ നേരിടുന്ന പ്രതിസന്ധികൾക്ക് എന്തൊക്കെ പരിഹാരങ്ങളാണ് സ്വീകരിച്ചുവരുന്നതെന്നും അറിയിക്കാമോ?

## പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം

2013 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര സഹകരണ സംഘങ്ങളിലെ പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ അഴിമതി ആരോപണം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘത്തിൽ ഉയർന്നുവന്ന സമാനമായ ആരോപണത്തിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലക്ക് സമാനമായി മറ്റു ജില്ലകളിലും ഇപ്രകാരമുള്ള ആരോപണങ്ങൾ ഉയർന്നുവന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## മൃഗശാലയിലെ ജന്തുക്കൾക്കുണ്ടാകുന്ന അണുബാധ

2014 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ അണുബാധ മൂലം ജന്തുക്കൾ ചത്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) എത്ര ജീവികൾക്ക് അണുബാധ ഏറ്റതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ജീവികൾക്ക് പ്രതിരോധ കുത്തിവെയ്പുകൾ നൽകേണ്ടി വന്നിട്ടുണ്ടോ;

(ഡി) മൃഗശാലയിലെ അണുബാധ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
27-01-2026

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].